നം.കെ.എസ്.എ.പി.റ്റി.എ.പി13/133/2019 തീയതി: 06.03.2019

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
| 28.01.2019 മുതൽ 06.02.2019 വരെ | ശ്രീമതി സി. വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി രവികല എബി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ ഡി ബാലചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. ബാലൻസ് ഷീറ്റ് - 2017-18

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റും നമ്പറും നൽകി | 2-1 |
| 14 | മതിയായ പാർക്കിംഗ് സ്ഥലവും ശുചീകരണ സംവിധാനങ്ങളും ഇല്ലാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകി | 2-2 |
| 15 | കെട്ടിടങ്ങളുടെ ക്രമവത്ക്കരണ അപേക്ഷകളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 2-3 |
| 16 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ചു നൽകി | 2-4 |
| 17 | കൃത്യമായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല - പഞ്ചായത്തിന് വൻതുക വരുമാന നഷ്ടം | 2-5 |
| 18 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത - പഞ്ചായത്തിന് വരുമാന നഷ്ടം | 2-6 |
| 19 | ജീവനക്കാരുടെ തൊഴിൽനികുതി യഥാസമയം ഈടാക്കിയില്ല | 2-7 |

| | | |
|---|---|---|
| 20 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-8 |
| 21 | കോൺട്രാക്ടർമാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ല | 2-9 |
| 22 | ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 2-10 |
| 23 | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർഫീസ് ഈടാക്കുന്നില്ല | 2-11 |
| 24 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം | 2-12 |
| 25 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-13 |
| 26 | ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല | 2-14 |
| | ഭാഗം-3 | |
| 27 | വാട്ടർ ടാങ്കുകൾ കാഴ്ച വസ്തുക്കളായി-പാഴായത് 4.09 ലക്ഷം രൂപ | 3-1 |
| 28 | പഞ്ചായത്ത് ഓഫീസും കമ്മിറ്റി ഹാളും ഫർണ്ണീഷിംഗ്-പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ | 3-2 |
| 29 | തെരുവ് വിളക്ക് സ്ഥാപിക്കൽ-13.8 ലക്ഷം രൂപയുടെ സുതാര്യതയില്ലാത്ത ചെലവ് അന്വേഷണ വിധേയമാക്കേണ്ടതാണ് | 3-3 |
| 30 | പ്രോക്യൂർമെന്റ് മാനുവൽ-ചട്ട വിരുദ്ധമായി വാങ്ങൽ നടത്തി | 3-4 |
| 31 | സ്പോർട്ട്സ് ഉപകരണങ്ങൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു വാങ്ങി | 3-5 |
| 32 | കുടിവെള്ള ഗാർഹിക കണക്ഷൻ-ചെലവ് രേഖകളില്ലാതെ തുക പിൻവലിച്ചു | 3-6 |
| 33 | ഒരു ഗുണഭോക്താവിന് രണ്ടു പ്രാവശ്യം സബ്സിഡി ആനുകൂല്യം നൽകി | 3-7 |
| 34 | അർഹത ഉറപ്പാക്കാതെ സബ്സിഡി നൽകി | 3-8 |
| 35 | വീട് വാസയോഗ്യമാക്കൽ:അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല | 3-9 |
| 36 | ആശ്രയ ചലഞ്ച് ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ | 3-10 |
| 37 | വെറ്റില കൃഷിയ്ക്കുള്ള സബ്സിഡി-രേഖകൾ ഹാജരാക്കിയില്ല | 3-11 |
| 38 | പച്ചക്കറി വികസന പദ്ധതി പൂർണ തോതിൽ നടപ്പാക്കിയില്ല | 3-12 |
| 39 | സ്ഥാപിക്കാത്ത നെയിംബോർഡുകൾക്ക് തുക ചെലവഴിച്ചു | 3-13 |
| 40 | വക്കീൽ ഫീസിനത്തിൽ അധിക തുക നൽകി | 3-14 |
| 41 | പത്രപ്പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ആവശ്യപ്പെട്ടില്ല | 3-15 |
| 42 | മുൻകൂറായി 8.09 ലക്ഷം നൽകി- മരുന്നുകൾ ലഭ്യമാക്കിയില്ല | 3-16 |
| 43 | ഇ.എം.എസ് ഭവനപദ്ധതി - അക്കൗണ്ടിൽ 110114രൂപ അവശേഷിക്കുന്നു | 3-17 |

| | | |
|---|---|---|
| 44 | വി ഇ ഒ യുടെ അക്കൗണ്ടിൽ 415726രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു | 3-18 |
| 45 | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചു | 3-19 |
| 46 | ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയ പദ്ധതി | 3-20 |
| 47 | മൺപിലാവ് എൽ.പി.എസ്സ് മെയിന്റനൻസ്-മേൽക്കൂരയുടെ പഴയ ഓടും തടി ഉരുപ്പടികളും ലേലം ചെയ്തിട്ടില്ല | 3-21 |
| 48 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം | 3-22 |
| 49 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-23 |
| 50 | അങ്കണവാടി പോഷകാഹാര പദ്ധതി-കേന്ദ്ര വിഹിതം ചെലവ് പൂർണ്ണമല്ല | 3-24 |
| 51 | അങ്കണവാടിക്ക് അനുയോജ്യമല്ലാത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം | 3-25 |
| 52 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-26 |
| 53 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-27 |
| 54 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല | 3-28 |
| 55 | പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തുക പാഴാകുന്നു | 3-29 |
| | ഭാഗം-4 | |
| 56 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 57 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിവരം | 4-2 |
| 58 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 59 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 60 | സ്ഥിരനിക്ഷേപം | 4-5 |
| 61 | ഓഡിറ്റ് റിക്കവറി | 4-6 |
| 62 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 63 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 64 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 65 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 22.03.2017-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 27.03.2017-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് 13.03.2018-ലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 7461472 | 7147023 | -314449 |
| വരവ് | 94501000 | 64473753 | -30027247 |
| ആകെ | 101962472 | 71620776 | -30341696 |
| ചെലവ് | 94295000 | 62549880 | -31745120 |
| നീക്കിയിരിപ്പ് | 7667472 | 9070896 | 1403424 |

പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻ വർഷത്തെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക സമർപ്പിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2017-18 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ പരാമർശിച്ച് 12.07.2018 ലെ കെ എസ് എ പിറ്റിഎ/പി13/740/2018 -ാം നമ്പർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 7147023 |
| വരവ് | 64473753 |
| ആകെ | 71620776 |
| ചെലവ് | 62549880 |
| നീക്കിയിരിപ്പ് | 9070896 |

## 1-5 ഫണ്ട് വിനിയോഗം

| *ഫണ്ടിനം* | *മുൻബാക്കി* | *വരവ്* | *ആകെ തുക* | *ചെലവ്* | *നീക്കിയിരിപ്പ്* | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|
| വികസന | 0 | 16651000 | 16651000 | 12233665 | 4417335 | 73.47 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് (ജനറൽ) | | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5823442 | 5823442 | 4552775 | 1270667 | 78.18 |
| വികസന ഫണ്ട് (റ്റി.എസ്സ്.പി) | 0 | 2342048 | 2342048 | 1768329 | 573719 | 75.5 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8094000 | 8094000 | 8057271 | 36729 | 99.55 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3571000 | 3571000 | 3469954 | 101046 | 97.17 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6028154 | 6028154 | 4992287 | 1035867 | 82.82 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 2324508 | 2324508 | 1986508 | 338000 | 85.46 |
| ട്രഷറി ടി.എസ്സ്.ബി (ജനറൽ പർപ്പസ്) | 3133579 | 11480036 | 14613615 | 14195739 | 417876 | 97.14 |
| എസ്.ബി.റ്റി. (ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്) | 4979 | 350 | 5329 | 5329 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്സ് | 3976 | 835064 | 839040 | 836071 | 2969 | 99.65 |
| ട്രഷറി ടി.എസ്സ്. ബി (ജോയിന്റ് വെഞ്ചർ) | 0 | 486519 | 486519 | 486519 | 0 | 100 |
| കറന്റ് അക്കൗണ്ട് | 0 | 10573 | 10573 | 0 | 10573 | 0 |
| ബി-ഫണ്ട് | | 9600 | 9600 | 9600 | 0 | 100 |
| തനത് ഫണ്ട് | 3213454 | 9983267 | 13196721 | 6947965 | 6248756 | 52.65 |
| ക്യാഷ്(തനത് ഫണ്ട്) | 91462 | 50264787 | 50356249 | 50042785 | 313464 | 99.38 |
| മറ്റിനം | 619728 | 2177284 | 2797012 | 1380283 | 1416729 | 49.35 |

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച* | *ഭാഗികമായി* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച* |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | ലഭിച്ചത് | | | തുക | നടപ്പാക്കിയത് | | പ്രോജക്ടുകളുടെ ശതമാനം |
| 2017-18 | 300 | 76439999 | 229 | 41564645 | - | 71 | 76.33 |

എ)പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരേ പദ്ധതി വിവിധ വിഭാഗങ്ങൾക്കായി(ജനറൽ, എസ് സി പി, ടി എസ് പി) നടപ്പാക്കുമ്പോൾ എല്ലാ പ്രോജക്ടുകൾക്കും ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കാമായിരുന്നെങ്കിലും അപ്രകാരം ചെയ്യാതെ വെവ്വേറെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഉദാഹരണം- ജനറൽ, എസ് സി പി, ടിഎസ് പി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക്.

2. സ്പിൽ ഓവർ പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാത്തതിനാൽ ക്യാരി ഓവർ തുകയായി പഞ്ചായത്തിന് ലഭിക്കേണ്ട തുക നഷ്ടമായി.

3. ആശ്രയ പദ്ധതി നടത്തിപ്പ് ഭക്ഷണ വിതരണത്തിൽ ഒതുങ്ങി. 35 ലക്ഷം രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നു.

4. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ റോഡിന്റെ മൊത്തത്തിലുള്ള ദൂരത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വാർഡടിസ്ഥാനത്തിൽ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

5.എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

6. വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് അധിക വാടക(ഡിപ്പാർട്ട്മെന്റ് ഫണ്ട് മതിയാകാത്ത സാഹചര്യത്തിൽ) പഞ്ചായത്ത് നൽകുന്നില്ല.

7. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ബി)പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 28 | 12747535 | 26 | 6822685 | 53.52 |
| സേവനം | 74 | 25804557 | 54 | 12135423 | 47.03 |
| പശ്ചാത്തലം | 198 | 37887907 | 149 | 22606537 | 59.67 |
| ആകെ | 300 | 76439999 | 229 | 41564645 | 54.38 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 34 | 9998128 | 5017325 | 50.18 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 2039800 | 963907 | 47.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 185 | 132 | 43212289 | 21572016 | 49.92 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1 | 1 | 1700000 | 1287273 | 75.72 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ | 4 | 4 | 945000 | 568320 | 60.14 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 4572700 | 3471434 | 75.92 |
| കൃഷി ഓഫീസർ | 16 | 16 | 4893693 | 2157821 | 44.09 |
| വെറ്ററിനറി സർജൻ | 7 | 6 | 5086400 | 2570400 | 50.53 |
| എച്ച്.എം, ഗവ. എൽപിഎസ് | 9 | 9 | 2091989 | 2056149 | 98.29 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1200000 | 1200000 | 100 |
| ആകെ | 300 | 229 | 76439999 | 41564645 | 54.38 |

## 1-7 തൊഴിലുറപ്പ് പദ്ധതി

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3976 | 812497 | 816473 | 813504 | 2969 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18653551 | 18653551 | 18653551 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 3000 | 3000 | 3000 | 0 |
| ആകെ | 3976 | 19469048 | 19473024 | 19470055 | 2969 |

## 1-8 ക്ഷേമ പദ്ധതികൾ

| *ക്രമ നം.* | *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* | *2017-18 ൽ ലഭിച്ച അപേക്ഷകൾ* | *നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ* | *സമയപരിധി കഴിഞ്ഞ് അനുവദിച്ചവയുടെ എണ്ണം* | *നിരസിച്ചവ* |
|---|---|---|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 824 | 10493300 | 167 | 135 | 0 | 32 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 193 | 2381700 | 12 | 11 | 0 | 1 |
| 3 | വിധവാ പെൻഷൻ | 634 | 7700200 | 43 | 43 | 0 | 0 |
| 4 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള | 19 | 233200 | 2 | 2 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്ത്രീകൾക്കുള്ള പെൻഷൻ | | | | | | |
| 5 | വികലാംഗ പെൻഷൻ | 203 | 2487900 | 10 | 3 | 7 | 0 |
| 6 | തൊഴിൽ രഹിത വേതനം | 16 | 96000 | 0 | 0 | 0 | 0 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2019 2.30 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ19965 (പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അറുപത്തിയഞ്ച് രൂപാ മാത്രം ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

സ്റ്റോക്ക് രജിസ്റ്റർ

സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി യഥാസമയം എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ വിവിധ പ്രോജക്ടുകളിലായി വാങ്ങിയ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ രജിസ്റ്റർ

തെരുവ് വിളക്കുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാങ്ങുന്ന തെരുവ് വിളക്കുകൾ ടി രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്യാത്തതിനാൽ അവശേഷിക്കുന്ന വിളക്കുകളുടെഎണ്ണം ഉറപ്പാക്കാൻ സാധിക്കുന്നില്ല. പർച്ചേയ്സ് സമയത്ത് ആവശ്യമായി വരുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി കണക്കാക്കി പർച്ചേയ്യ്സ് ചെയ്യാനും സാധിക്കുന്നില്ല. അൺ സർവ്വീസബിൾ ആയ തെരുവ് വിളക്കുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായും ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.11.2018 | 2018 ഒക്ടോബർ | 10.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.10.2016 മുതൽ 05.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 03.01.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റും നമ്പറും നൽകി

ചിറ്റാർ വില്ലേജ്, സർവ്വേ നം. 968/1A24-ലുള്ള 222 ച.മീ ഭൂമിയിൽ 238.31 ച.മീ. ( ഭൂ നിരപ്പ് നില-121.94 ച.മീ, ഒന്നാം നില- 116.37 ച.മീ) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.ബ്രൈനി പി. വർഗ്ഗീസ്, പറമ്പേത്ത്, പാമ്പിനി എന്നയാൾക്ക് 14.10.2017-ൽ C1-BA(55430)/2017 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. ഭൂ നിരപ്പ് നിലയുടെ നിർമ്മാണം പൂർത്തിയാക്കുകയും പഞ്ചായത്തിൽ നിന്നും 2/664, 2/665, 2/666, 2/667, 2/668 എന്നീ കെട്ടിട നമ്പരുകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിന് സമർപ്പിച്ച രേഖകളുടെ പരിശോധന, എൽ.എസ്.ജി.ഡി ഓവർസിയറോടൊപ്പം നടത്തിയ ഭൗതിക പരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) പെർമിറ്റിനായി സമർപ്പിച്ച പ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ ഹാജരാക്കുകയോ പാർക്കിംഗിനാവശ്യമായ സ്ഥലം പ്ലോട്ടിൽ മാറ്റി വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് 190.64 ച.മീ. കാർപ്പറ്റ് ഏരിയ ഉള്ളതിനാൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(2), പട്ടിക 4B പ്രകാരം 3 -കാറുകൾ പാർക്ക് ചെയ്യുന്നതിനായി 45 ച.മീറ്ററും ടൂ വീലർ

പാർക്കിംഗിനായി 11.25 ച.മീ. ഉൾപ്പെടെ ആകെ 56.25 ച.മീ. തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്.

(ബി)പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ, എൽ.എസ്.ജി.ഡി ഓവർസിയറുടെ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരം പ്രസ്തുത കെട്ടിടത്തിന് വടശ്ശേരിക്കര – ചിറ്റാർ റോഡതിരിൽ നിന്നും 3.50 മീറ്ററും ചിറ്റാർ-പാമ്പിനി റോഡതിരിൽ നിന്നും 3.03 മീറ്ററും അകലമുണ്ട്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, പ്ലാനിൽ നിന്നും വ്യതിചലിച്ച് വടശ്ശേരിക്കര – ചിറ്റാർ റോഡതിരിലേക്ക് ഇറക്കി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായും നിലവിൽ തെരുവതിരിൽ നിന്നുള്ള അകലം ഏകദേശം 1 മീ. മാത്രമാണെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ചിറ്റാർ-പാമ്പിനി റോഡതിരിൽ നിന്നും കെട്ടിടവുമായുള്ള അകലം2.85 മീ. മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) പ്രകാരം റോഡതിരിൽ നിന്നും പാലിക്കേണ്ടതായ ദൂരപരിധിയായ 3മീ. ഇരു റോഡുകളിൽ നിന്നും പാലിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുകയും പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 220(ബി)യും കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളും ലംഘിച്ചു കൊണ്ടു നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകുകയും ചെയ്തത് ഗുരുതര ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു. ചട്ട ലംഘനം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(22/06.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമവും ചട്ടങ്ങളും ലംഘിച്ച് പെർമിറ്റും നമ്പറും നൽകിയ സെക്രട്ടറി, സാങ്കേതിക പരിശോധന നടത്തിയ ഓവർസിയർ, ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത അസി.എഞ്ചിനീയർ എന്നിവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പു തലത്തിൽ അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 മതിയായ പാർക്കിംഗ് സ്ഥലവും ശുചീകരണ സംവിധാനങ്ങളും ഇല്ലാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകി

1.പെർമിറ്റ് നം. സി.3-ബിഎ.(83150)/2017

ചിറ്റാർ വില്ലേജ്, സർവ്വേ നം. 968/1-9-2, 968/1-9-3 – ലുള്ള 222 ച.മീ ഭൂമിയിൽ 427 ച.മീ. ( Lower Cellar – 84m2, Upper Cellar – 162.60, GF- 162.60, Stair Cabin – 17.84) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.ഷാജി.എച്ച്, ശ്രീമതി.നിസ്സി ഷാജി എന്നിവർക്ക് 08.12.2017-ൽ C3-BA(83150)/2017 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ)പെർമിറ്റിനായി സമർപ്പിച്ച പ്ലാനോടൊപ്പം അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നതു സംബന്ധിച്ച് അപേക്ഷകന്റെയും പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടേയും സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. 15 മീറ്ററിൽ കവിയാത്തതും 300 ച.മീ. -ൽ കൂടുതലും 1000 ച.മീ-ൽ കുറവുമുള്ള കെട്ടിടങ്ങൾക്ക് ഫാറം O-ൽ അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും ഉപചട്ടം 15-ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന സാക്ഷ്യപത്രം ആർക്കിടെക്റ്റ് അല്ലെങ്കിൽ എഞ്ചിനീയറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 58(12)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

(ബി)പ്രസ്തുത കെട്ടിടത്തിന് 327.36 ച.മീ. കാർപ്പറ്റ് ഏരിയ ഉള്ളതിനാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(1), 38(2) പട്ടിക 4B എന്നിവ പ്രകാരം 5 -കാറുകൾ പാർക്ക് ചെയ്യുന്നതിനായി 75 ച.മീറ്ററും ചട്ടം 38(4) പ്രകാരം ടൂ വീലർ പാർക്കിംഗിനായി 18.75 ച.മീറ്ററും ഉൾപ്പെടെ ആകെ 93.75 ച.മീ. തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്. കാറ്റഗറി 2 – പഞ്ചായത്തായതിനാൽ ആവശ്യമായതിന്റെ 75% ആയ 70.31 ച.മീ സ്ഥലം മതിയാകുന്നതാണ്. എന്നാൽ ഹാജരാക്കിയ പ്ലാൻ പ്രകാരം പാർക്കിംഗ് സ്ഥലം 53 ച.മീ മാത്രമാണ്.

(സി)സാനിട്ടേഷൻ സൗകര്യങ്ങൾ അപര്യാപ്തം. രണ്ട് വീതം ജെന്റ്സ് ടോയ്‌ലറ്റുകളും ലേഡീസ് ടോയ്‌ലറ്റുകളും ആവശ്യമായിടത്ത് ആകെ രണ്ട് ടോയ്‌ലറ്റുകൾ മാത്രമാണുള്ളത്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 56(6) പ്രകാരം ഓരോ 4.75 ച.മീ.കാർപ്പറ്റ് വിസ്തീർണ്ണത്തിനും ഒരാൾ എന്ന തോതിൽ കുറയാതെ പട്ടിക-6 ൽ നിഷ്കർഷിക്കുന്ന എണ്ണത്തിൽ കുറയാതെ ശുചീകരണ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ആയതു പ്രകാരം 327.36 ച.മീറ്ററിന് 69 ആളുകളെന്ന് കണക്കാക്കാവുന്നതും അതിന്റ മൂന്നിൽ രണ്ടു ഭാഗമായ 46പുരുഷൻമാർക്ക് രണ്ട് ജെന്റ്സ് ടോയ്‌ലെറ്റുകളും(25- ന് ഒന്നു വീതം) മൂന്നിൽ ഒന്ന് ഭാഗമായ 23 സ്ത്രീകൾക്ക് രണ്ട് ലേഡീസ് ടോയ്‌ലറ്റുകളും(15- ന് ഒന്നു വീതം) ആവശ്യമാണ്.

2.പെർമിറ്റ് നമ്പർ: സി3-ബിഎ(3248)/2017

ചിറ്റാർ വില്ലേജ്, സർവ്വേ നം. 968/1-6-1 – ലുള്ള 607 ച.മീ ഭൂമിയിൽ 215.84ച.മീ. (FF) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി.ഹബീബ, പുതുച്ചിറയിൽ എന്നയാൾക്ക് 30.08.2017-ൽ C3-BA(3248)/2017 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ള 500. ച.മീ(Cellar -182.30 m2, GF- 318.03m2) വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ മുകളിലായാണ് നിർദ്ദിഷ്ട കെട്ടിടം നിർമ്മിക്കുന്നത്. നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം

കണക്കാക്കുമ്പോൾ പ്രസ്തുത കെട്ടിടത്തിന് 572.936 ച.മീ. കാർപ്പറ്റ് ഏരിയ ഉള്ളതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 38(1), 38(2) പട്ടിക 4B എന്നിവ പ്രകാരം 8 -കാറുകൾ പാർക്ക് ചെയ്യുന്നതിനായി 120 ച.മീറ്ററും ചട്ടം 38(4) പ്രകാരം ടൂ വീലർ പാർക്കിംഗിനായി 30 ച.മീ. ഉൾപ്പെടെ ആകെ 150 ച.മീ. തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്. കാറ്റഗറി 2 – പഞ്ചായത്തായതിനാൽ 112.5 ച.മീ സ്ഥലം മതിയാകുന്നതാണ്. എന്നാൽ സമർപ്പിക്കപ്പെട്ട പ്ലാൻ പ്രകാരം പാർക്കിംഗ് സ്ഥലം(ചട്ട പ്രകാരം ഒഴിച്ചിടേണ്ട ഇറസ്സായ സ്ഥലത്തിന്റെ അമ്പത് ശതമാനം ഉൾപ്പെടെ) 58.31 ച.മീ മാത്രമാണ്.

അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നത് സംബന്ധിച്ച സാക്ഷ്യ പത്രങ്ങളുടെ അഭാവത്തിലും ചട്ടപ്രകാരമുള്ള പാർക്കിംഗ് സ്ഥലവും ശുചീകരണ സംവിധാനങ്ങളും ഇല്ലാതെയും കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയ സെക്രട്ടറി, സാങ്കേതിക പരിശോധന നടത്തിയ ഓവർസിയർ, ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത അസി.എഞ്ചിനീയർ എന്നിവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചട്ട ലംഘനങ്ങൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-3 കെട്ടിടങ്ങളുടെ ക്രമവൽക്കരണ അപേക്ഷകളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

പെർമിറ്റെടുക്കാതെയുള്ളവ, അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ടവ എന്നിവയുടെ ക്രമവത്ക്കരണ അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ പെർമിറ്റ് അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011,ചട്ടം 135(3) ലും സെക്രട്ടറി, ക്രമവത്ക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന് ചട്ടം 137(1)-ലും നിഷ്കർഷിച്ചിട്ടുണ്ട്. ക്രമവത്ക്കരണത്തിനുള്ള രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. എന്നാൽ പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും, പെർമിറ്റ് ഫീസും ഈടാക്കേണ്ടതുമാണ്. എന്നാൽ 2017-18 വർഷം ക്രമവത്ക്കരണം അനുവദിച്ച നൽകിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ശ്രീ.സാമുവൽ കട്ടി, ശ്രീമതി.മിനി സാം എന്നിവർ ചിറ്റാർ പഞ്ചായത്ത് വാർഡ് 5-ലുള്ള 310 -ാം നമ്പർ കെട്ടിടം(154.33 M2) വിപുലീകരിക്കുന്നതിനായി പെർമിറ്റ് എടുക്കാതെ 110.44 ച.മീ.(Cellar – 55.22 M2, GF-55.22 M2) കൂട്ടി ചേർക്കുകയും പ്രസ്തുത നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവത്ക്കരിക്കുന്നതിനു പകരം 331 (110.44 x3) രൂപ ഫീസായി ഈടാക്കി പെർമിറ്റ് നൽകുകയാണുണ്ടായത്(C2.B4.18665/2018 Dtd:19.01.18). സെക്രട്ടറി, ക്രമവത്ക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന ചട്ടം പാലിച്ചില്ല. ക്രമവത്ക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. എന്നാൽ പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും, പെർമിറ്റ് ഫീസും ഈടാക്കണമെന്നുള്ള നിർദ്ദേശം പാലിച്ചില്ല. 993 (110.44x9) രൂപ ഫീസായി ഈടാക്കേണ്ടിയിടത്ത് 331. (110.44 x3) രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

2.ചിറ്റാർ പഞ്ചായത്ത് വാർഡ് 4-ൽ നിലവിലുണ്ടായിരുന്ന 166.4 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തോട് ( 4/631A, 631B, 631C, 631D, 631E) ചേർത്ത്, പെർമിറ്റെടുക്കാതെ നിർമ്മിച്ച 450.89 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് ശ്രീമതി.സനിതാ പ്രസാദ്, മേലേതിൽ ഹൗസ് എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാനിൽ നിന്നും പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടി രാജിയാക്കൽ ഫീസായി(4510/-) ഈടാക്കി നമ്പർ ഇട്ട് നൽകിയിട്ടുണ്ട്. എന്നാൽ ചട്ട പ്രകാരം ക്രമവത്ക്കരണം അനുവദിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന നിർദ്ദേശവും പാലിച്ചില്ല.

3.ചിറ്റാർ വില്ലേജ്, സർവ്വേ നം. 942/1-6-1 ൽ ശ്രീ.സുബൈർ, ശ്രീമതി.ഷാഹിന സുബൈർ എന്നിവർ പെർമിറ്റെടുക്കാതെ നിർമ്മിച്ച 37 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടി രാജിയാക്കൽ ഫീസായി (37x10=370/-) ഈടാക്കി നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ചട്ട പ്രകാരം ക്രമവത്ക്കരണം അനുവദിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

ചട്ട വിരുദ്ധമായി ക്രമവത്ക്കരണം അനുവദിച്ച അപേക്ഷകൾ പുന:പരിശോധന നടത്തുകയും ഫീസിനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ക്രമവത്ക്കരിച്ച നൽകേണ്ടതുമാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവത്ക്കരിച്ച നൽകി

ശ്രീ.കെ.എം.ബഷീർ,പുത്തൻ പറമ്പിൽ എന്നയാൾ ചിറ്റാർ വില്ലേജ്, സർവ്വേ നം.946/5-ലുള്ള 468.04 ച.മീ.

വിസ്തീർണ്ണമുള്ള കെട്ടിടം വിപുലീകരിക്കുന്നതിനായി പെർമിറ്റ് എടുക്കാതെ 252.28 ച.മീ. (ഒന്നാം നില – 234.02ച.മീ., സ്റ്റെയർകെയ്സ് റൂം- 18.26ച.മീ.) കൂട്ടിചേർക്കുകയും പ്രസ്തുത നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് ചട്ട പ്രകാരം ഫീസ് ഈടാക്കിയതിന്റെയോ, ക്രമവത്ക്കരണം അനുവദിച്ചതിന്റെയോ വിവരങ്ങൾ ഫയലിലില്ല. എന്നാൽ കെട്ടിടത്തിന് നമ്പർ നൽകിയിട്ടുണ്ട്. പെർമിറ്റെടുക്കാതെയുള്ളവ, അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ടവ എന്നിവയുടെ ക്രമവത്ക്കരണ അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ പെർമിറ്റ് അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011,ചട്ടം 135(3) ലും സെക്രട്ടറി, ക്രമവത്ക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന് ചട്ടം 137(1) ലും നിഷ്കർഷിച്ചിട്ടുണ്ട്. ക്രമവത്ക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. എന്നാൽ പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും, പെർമിറ്റ് ഫീസും ഈടാക്കേണ്ടതുമാണ്. മേൽ പറയും പ്രകാരം തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പാർക്കിംഗ് സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല. നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ പ്രസ്തുത കെട്ടിടത്തിന് 565 ച.മീ. കാർപ്പറ്റ് ഏരിയ ഉള്ളതിനാൽ 8 -കാറുകൾ പാർക്ക് ചെയ്യുന്നതിനായി 120 ച.മീറ്ററും ടൂ വീലർ പാർക്കിംഗിനായി 30 ച.മീ. ഉൾപ്പെടെ ആകെ 150 ച.മീ. തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്. കാറ്റഗറി 2 – പഞ്ചായത്തായതിനാൽ 112.5 ച.മീ സ്ഥലം മതിയാകുന്നതാണ്. എന്നാൽ പാർക്കിംഗിനായി കെട്ടിടത്തിന്റെ മുൻഭാഗത്ത് ലഭ്യമാക്കിയിട്ടുള്ള സ്ഥലം അപര്യാപ്തവും കെട്ടിട നിർമ്മാണ ചട്ടങ്ങൾ 38(1)-ൽ നിഷ്കർഷിച്ചിട്ടുള്ള 5.5മീx2.7മീ-ൽ കുറഞ്ഞതുമാണ്. ഒരു വശത്ത് ലഭ്യമാക്കിയിട്ടുള്ള പാർക്കിംഗ് സ്ഥലം ചട്ടം 38(3) പ്രകാരം അനുയോജ്യമല്ലാത്തതാണ്. ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും മറ്റ് ആവശ്യമായ സൗകര്യങ്ങളും വാഹനം തിരിക്കുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കേണ്ടതാണെന്ന് ചട്ടം 38(3)-ൽ നിർദ്ദേശിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും പെർമിറ്റ് എടുക്കാതെയും നിർമ്മിച്ച അനധികൃത കെട്ടിടം ചട്ടങ്ങൾ പാലിക്കാതെയും നിയമാനുസൃതമായ ഫീസ് ഈടാക്കാതെയും ക്രമവത്ക്കരിച്ചു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/06.02.2019), മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മമാണ ചട്ടങ്ങൾ പാലിക്കാതെ നിയമ വിരുദ്ധമായി നിർമ്മിച്ച കെട്ടിടം ക്രമവത്ക്കരിച്ചു നൽകിയ സെക്രട്ടറി, സാങ്കേതിക പരിശോധന നടത്തിയ ഓവർസിയർ, ക്രമവത്ക്കരിക്കാൻ ശുപാർശ ചെയ്ത എഞ്ചിനീയർ എന്നിവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-5 കൃത്യമായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല - പഞ്ചായത്തിന് വൻതുക വരുമാന നഷ്ടം

ചിറ്റാർ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ സ്വകാര്യ ടവറുകളുടെ വിസ്തീർണ്ണം വളരെ ചെറിയ സംഖ്യയായി രേഖപ്പെടുത്തിയിരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി.ഓവർസിയറോടൊപ്പം നാല് സ്വകാര്യ മൊബൈൽ ടവറുകളിൽ ഭൗതിക പരിശോധന നടത്തുകയുണ്ടായി. ടവറുകളുടെ വസ്തു നികുതി കണക്കാക്കാൻ വേണ്ടി പഞ്ചായത്ത് അടിസ്ഥാനമാക്കിക്കൊണ്ടിരിക്കുന്ന വിസ്തീർണ്ണവും യഥാർത്ഥ വിസ്തീർണ്ണവും തമ്മിൽ വളരെ വലിയ അന്തരമുള്ളതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ടവറിന്റെ വിവരങ്ങൾ | പഞ്ചായത്ത് രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണം (ച.മീ) | ഈടാക്കിക്കൊണ്ടിരിക്കുന്ന വസ്തു നികുതി (500/ച.മീ) | ഭൗതിക പരിശോധനയിൽ കണ്ടെത്തിയ വിസ്തീർണ്ണം (ച.മീ) | യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന നഷ്ടം | അനുബന്ധ കെട്ടിടങ്ങളുടെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് 2/47 | 12.15 | 7655 | 49 | 24500 | 16845 | ജനറേറ്റർ റൂം- 4x3.50=14ച.മീ.<br>മോട്ടോർ റൂം-3.20x3.50=11.2ച.മീ. |
| 2 | ഇൻഡസ് ടവേഴ്സ് 2/52 | 12.96 | 8165 | 64 | 32000 | 23835 | മോട്ടോർ റൂം 1 -3x2=6ച.മീ.<br>മോട്ടോർ റൂം2 – 4.60x1.65=7.6ച.മീ.<br>മോട്ടോർ റൂം3 – 1x1 =1ച.മീ. |
| 3 | ഇൻഡസ് ടവേഴ്സ് | 20 | 10500 | 26 | 13000 | 2500 | ജനറേറ്റർ റൂം-3x2.2=6.6ച.മീ. |

| | | | | | | | |
|---|---|---|---|---|---|---|---|
| | 10/310 | | | | | | മോട്ടോർറൂം.1–4.30x3.20=13.76ച.മീ.<br><br>മോട്ടോർ റൂം.2 – 2.5x2.5=6.25ച.മീ. |
| 4 | അസന്റ് ടെലിക്കോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്<br><br>9/362 | 20 | 9450 | 24.35 | 12175 | 2725 | ജനറേറ്റർ റൂം-3.10x 1.50=4.65ച.മീ.<br><br>മോട്ടോർ റൂം. - 3.55x3.10=11ച.മീ. |
| | ആകെ | | 35770 | | 81675 | 45905 | |

പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 9-സ്വകാര്യ മൊബൈൽ ടവറുകളിൽ 4- എണ്ണത്തിൽ പരിശോധന നടത്തിയപ്പോൾ ടവറുകളുടെ വസ്തു നികുതിയിനത്തിൽ മാത്രം 60575/- രൂപ പ്രതിവർഷം പഞ്ചായത്തിന് നഷ്ടമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. മറ്റ് ടവറുകളിൽ നിന്നുള്ളതും അനുബന്ധ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികതിയും കൂടി പരിഗണിക്കുമ്പോൾ നഷ്ടം 1-ലക്ഷത്തിൽ അധികമാകാനിടയുണ്ട്. വർഷങ്ങളായി ഇത്തരത്തിൽ വരുമാന നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. മൊബൈൽ ടവറുകളിൽ കൃത്യമായ പരിശോധന നടത്തി, വിസ്തീർണ്ണം കണക്കാക്കി, വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാത്തതു മൂലമാണ് പഞ്ചായത്തിന് ഇത്തരത്തിൽ ഭീമമായ നഷ്ടമുണ്ടാകാൻ ഇടയായത്. ആയത് സംബന്ധിച്ച് വകപ്പ് തലത്തിൽ അന്വേഷണം നടത്തി കാരണക്കാരായവരിൽ നിന്നും നഷ്ടം ഈടാക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. എല്ലാ സ്വകാര്യ മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം പുനർനിർണയിച്ച്, വസ്തു നികതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-6 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത-പഞ്ചായത്തിന് വരുമാന നഷ്ടം

1)100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി ചുമത്തുന്നു- പഞ്ചായത്തിന് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ്(വസ്തു നികതിയും സേവന ഉപനികതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികതി ചുമത്തേണ്ടതുമാണ്. 100 ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന വസ്തു നികതി നിരക്ക് 50 രൂപയും 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയുടേത് 60 രൂപയും ആണ്. എന്നാൽ വാണിജ്യാവശ്യത്തിനു മാത്രമായുള്ള 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിക്കുന്നതുമൂലം പഞ്ചായത്തിന് വലിയതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | കെട്ടിട നികുതി<br><br>ഈടാക്കിയത് ലൈബ്രറി സെസ്സ് ഉൾപ്പെടെ<br><br>(50/m2 നിരക്കിൽ) | കെട്ടിട നികുതി<br><br>ഈടാക്കേണ്ടിയിരുന്നത് (60/m2 നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|---|---|
| വർഗ്ഗീസ് എബ്രഹാം, പീടികയിൽ, ചിറ്റാർ | 747 | 75.78 | 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് 20% | - | 4775 | 5729 | 954 |
| | 748 | 68.61 | “ | - | 4323 | 5187 | 864 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 749 | 75.78 | “ | - | 4775 | 5729 | 954 |
| | 750 | 68.61 | “ | - | 4323 | 5187 | 864 |
| | 751 | 64.82 | “ | - | 4085 | 4900 | 815 |
| | 752 | 28.43 | “ | - | 1792 | 2149 | 357 |
| | 753 | 58.65 | “ | - | 3695 | 4434 | 739 |
| | 754 | 54.82 | “ | - | 3455 | 4144 | 689 |
| ആകെ | | | | | 31223 | 37459 | 6236 |
| ദിനേഷ് ജേക്കബ്, ചമ്പോൺ പുത്തൻ വീട്, വാർഡ് -4, ചിറ്റാർ | 57/A | 64.13 | “ | - | 4041 | 4848 | 807 |
| | 57/B | 99.78 | “ | - | 6287 | 7543 | 1256 |
| | 57/C | 99.78 | “ | - | 6287 | 7543 | 1256 |
| | 57/D | 14.22 | “ | - | 897 | 1075 | 178 |
| | 57/E | 25.34 | “ | - | 1598 | 1916 | 318 |
| ആകെ | | | | | 19110 | 22925 | 3815 |
| സലിം റ്റി.എച്ച്, തട്ടപ്ലാക്കൽ, വാർഡ് -4, ചിറ്റാർ | 676 | 44.88 | “ | - | 2828 | 3393 | 565 |
| | 677 | 44.88 | “ | - | 2828 | 3393 | 565 |
| | 678 | 44.88 | “ | - | 2828 | 3393 | 565 |
| | 679 | 44.88 | “ | - | 2828 | 3393 | 565 |
| ആകെ | | | | | 11312 | 13572 | 2260 |
| ജിന പി.മാത്യു, പുത്തൻ വീട്, വാർഡ് -7, ചിറ്റാർ | 542 | 25 | “ | - | 1575 | 1890 | 315 |
| | 543 | 68 | “ | - | 4284 | 5141 | 857 |
| | 544 | 92.88 | “ | - | 5851 | 7022 | 1171 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആകെ | | | | | 11710 | 14053 | |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/06.02.2109), അപാകത ചൂണ്ടിക്കാണിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി റീ അസ്സസ്സ് ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചത് ചില ഉദാഹരണങ്ങൾ മാത്രമാണ്. 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച്, ഈടാക്കാൻ ബാക്കിയുള്ള തുകകൾ ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള 100 ച.മീ. വരെ വിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗങ്ങൾക്കുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 50 രൂപയായും 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയുടേത് 60 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് 100 ച.മീ. വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഈടാക്കിയതുമൂലം പഞ്ചായത്തിന് 3527/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | കെട്ടിട നികുതി ഈടാക്കിയത് ലൈബ്രറി സെസ്സ് ഉൾപ്പെടെ (50/m2 നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് (60/m2 നിരക്കിൽ) | വരുമാന നഷ്ടം |
|---|---|---|---|---|---|---|---|
| സത്യവ്രതൻ, പീടികയിൽ രേവതി, വാർഡ് - 3, മണക്കയം | 531 | 158.5 | 5മീ. ൽ കൂടുതൽ വീതിയുള്ള റോഡ് 20% | - | 9986 | 11983 | 1997 |
| സൂരജ് ബാബു, മേല്പട് വിളയിൽ, വാർഡ് - 4, ചിറ്റാർ | 745 | 161.96 | - | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം 10% | 7653 | 9183 | 1530 |
| ആകെ | | | | | 17639 | 21166 | 3527 |

വസ്തു നികുതി നിർണയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/06.02.2109), അപാകത ചൂണ്ടിക്കാണിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി റീ അസ്സസ്സ് ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റീ അസ്സസ്സ് ചെയ്ത വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കാണ്ടേതും എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിച്ച് ഇത്തരം അപാകതകൾ സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-7 ജീവനക്കാരുടെ തൊഴിൽനികുതി യഥാസമയം ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | പേര് വിവരം | നികുതി ഈടാക്കേണ്ട അർദ്ധവർഷം | അടയ്ക്കേണ്ട നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വില്ലേജ് ഓഫീസ്, ചിറ്റാർ.<br>1. സജി കുമാർ, ഇ വി, വില്ലേജ് അസിസ്റ്റന്റ് | രണ്ടാം അർദ്ധവർഷം | 1250 |
| 2 | ഗവ ആയുർവേദ ഡിസ്പെൻസറി, ചിറ്റാർ<br>1.ജനിത ആർ റ്റി, മെഡിക്കൽ ഓഫീസർ, | രണ്ടാം അർദ്ധവർഷം | 1250 |
| 3 | കെ എസ് എഫ് ഇ, ചിറ്റാർ<br>1 ബിനു എം, അസിസ്റ്റന്റ് മാനേജർ<br>2 ശ്രീകുമാർ,<br>3 ബിനോയ് ജോസഫ്<br>4 അഞ്ജന എ ആർ<br>5 ബാലൻ എം ജി | രണ്ടാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം | 1250<br>1250<br>1250<br>1250<br>1250 |
| 4 | ഗവ ഹോമിയോ ഡിസ്പെൻസറി, ചിറ്റാർ<br>1. ഗിരീഷ് കുമാർ, അറ്റൻഡർ | രണ്ടാം അർദ്ധവർഷം | 1250 |
| 5 | പോസ്റ്റോഫീസ്, നീലിപിലാവ്<br>2. ഉമേഷ് ഉദയൻ | രണ്ടാം അർദ്ധവർഷം | 1250 |
| | ആകെ | | 11250 |

മേൽ ജീവനക്കാരിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന തൊഴിൽനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ഫെഡറൽ ബാങ്ക്, ചിറ്റാർ | I | 1250 |
| 2 | മിനി മുത്തൂറ്റ് നിധി, വയ്യാറ്റുപുഴ | II | 1250 |

| | | | |
|---|---|---|---|
| 3 | കോ- ഓപ്പറേറ്റിവ് ബാങ്ക് വയ്യാറ്റുപുഴ | II | 1250 |
| 4 | ഇ ഡി സി എൽ പവർ പ്രൊജക്ട്, ലിമിറ്റഡ് | I | 1250 |
| 5 | അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡ്, ചിറ്റാർ | I | 1250 |
| 6 | സിവിൽ സപ്ളൈ കോ ചിറ്റാർ | I,II | 2500 |
| | ആകെ | | 8750 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന സ്ഥാപന തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 കോൺട്രാക്ടർമാർ തൊഴിൽനികുതി ഒടുക്കിയിട്ടില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന താഴെപ്പറയുന്ന കോൺട്രാക്ടർമാർ ഓഡിറ്റ് വർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1. സലിം എച്ച്, ഇടയിലേ വീട്ടിൽ, ചിറ്റാർ.

2. സി എം മോഹനൻ, ചരിവുവിളയിൽ, ചിറ്റാർ.

3. ജോസി ജോൺ, തൈപ്പറമ്പിൽ, കീക്കൊഴൂർ, റാന്നി.

4. റ്റി ഇ യോഹന്നാൻ, തൈപ്പറമ്പിൽ, കീക്കൊഴൂർ, റാന്നി.

5. കെ എൽ ഗോപി, പ്ളാമ്മൂട്ടിൽ, വയ്യാറ്റുപുഴ, റാന്നി.

6. രാജൻ കെ പുത്തൻതറയിൽ, മണിയാർ

7. നൂറുദ്ദീൻ പി ജെ, പതാലിൽ, ചിറ്റാർ.

8. ബൈജു പി കെ, പ്ലാവില വടക്കേതിൽ, ചിറ്റാർ

9. വർഗ്ഗീസ് പി എം, പൂന്താനത്ത്, വയ്യാറ്റുപുഴ.

10. ജസ്റ്റിൻ വർഗ്ഗീസ്, പീടികയിൽ, ചിറ്റാർ.

11. സജയകുമാർ, മുത്തൻപാറയിൽ വിലാസം. സീതത്തോട്.

12. എം എ സാബു, മരുതോലിക്കുഴിയിൽ, പുതുശ്ശേരിമല

13. കമലാസനൻ, പി കെ, പ്ളാമ്മൂട്ടിൽ, വയ്യാറ്റുപുഴ, റാന്നി.

14. മോനച്ചൻ, ചരുവുവിളയിൽ, ചിറ്റാർ.

15. സുനിൽ കുമാർ റ്റി ആർ, തോമ്പിൽ പുത്തൻ വീട്, മണിയാർ.

16. മുത്ത് എം എസ്, മാമ്പാറയിൽ, ചിറ്റാർ.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ കോൺട്രാക്ടർമാരിൽ നിന്നും നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ലിസ്റ്റിൽ ഉൾപ്പെടുന്നവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 2-10 ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2017-18 വർഷം ലൈസൻസ് എടുത്തിട്ടുള്ള 176 സ്ഥാപനങ്ങളിൽ 16 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ഈ വിഷയത്തിൽ അധികൃതർ പുലർത്തുന്ന അനാസ്ഥയാണ് വെളിവാക്കുന്നത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-11 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെമോട്ടോർഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 9 മൊബൈൽ ടവറുകളോട് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ്

കണക്കാക്കി, മൊബൈൽ ടവർ ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ താമസംവിനാ ബോധ്യപ്പെടുത്തേണ്ടതാണ്.

## 2-12 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പായ്ക്കറ്റുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ പ്രതിവർഷം കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപ്പഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-13 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 12 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നില്ല

28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2017-18 വരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2015-16 | 8 | 64856 | 0 | 124626 |
| 2016-17 | 4 | 13720 | | |
| 2017-18 | 12 | 46050 | | |
| ആകെ | | 124626 | | |

2015-16 മുതൽ 2017-18 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (09/29.01.19) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാത്തതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീസ് തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാട്ടർ ടാങ്കുകൾ കാഴ്ച വസ്തുക്കളായി-പാഴായത് 4.09 ലക്ഷം രൂപ

പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി വാങ്ങിയ 5000 ലിറ്റർ വാട്ടർ ടാങ്കുകൾ ഉപയോഗപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കാതിരുന്നത് മൂലം 4.09 ലക്ഷം രൂപ പാഴായി.

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രോജക്റ്റുകളിലാണ് എസ്.സി.പി, റ്റി.എസ്.പി ഫണ്ടിന്റെ പാഴ്ചെലവുണ്ടായത്. പ്രോജക്റ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നമ്പർ | പട്ടികജാതി കോളനികളിൽ പൊതു വാട്ടർ ടാങ്ക്(10000L), 280/18 | പട്ടിക വർഗ്ഗ കോളനികളിൽ പൊതു വാട്ടർ ടാങ്ക് (10000L), 284/18 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 306000 (എസ്.സി.പി ഫണ്ട്) | 150000 (റ്റി.എസ്.പി ഫണ്ട്) |
| ചെലവ് | 283500 | 126000 |
| ബിൽ നം/തീയതി | 397/28.03.2018 | 18/24.03.18 |
| റിമാർക് | 9ടാങ്കുകൾ ഒന്നിന് 31500 രൂപ ക്രമത്തിൽ പി.എം.എം.& സൺസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി | 4ടാങ്കുകൾ ഒന്നിന് 31500 രൂപ ക്രമത്തിൽ വാങ്ങി |

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.പ്രോജക്റ്റിന് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ടെണ്ടർ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വാട്ടർ ടാങ്കിന്റെ വിശദാംശം | തുക |
|---|---|---|
| ട്യൂബ് അസോസിയേറ്റ്സ്, കലൂർ, എറണാകുളം | അക്വാ ലിങ്സ്, 10000L, 2ലെയർ, ISO, 10 വർഷത്തെ വാറന്റി | 64900 |
| | അക്വാ ലിങ്സ്, 5000L, 2ലെയർ, ISO, 10 വർഷത്തെ വാറന്റി | 23640 |

| | | |
|---|---|---|
| | ലോട്ടസ് ഗോൾഡ്, 5000L, 2ലെയർ, ISI, 10 വർഷത്തെ വാറന്റി | 33984 |
| പി.എം.എം.& സൺസ്, കാഞ്ഞിരപ്പള്ളി | ഓഷൻ ബ്ലാക്ക്, 10000L, ISO, 3ലെയർ, 10 വർഷത്തെ വാറന്റി, 280kg | 79900 |
| | ഓഷൻ ബ്ലാക്ക്, 5000L, ISO, 3ലെയർ, 10 വർഷത്തെ വാറന്റി, 110kg | 33950 |
| | പ്രീമിയർ ബ്ലൂ, 5000L, ISO, 3ലെയർ, 10 വർഷത്തെ വാറന്റി, 130Kg | 31500 |

പഞ്ചായത്ത് കമ്മിറ്റിയുടെ 9/3/18-ലെ 1/4ാം നമ്പർ തീരുമാനം അനുസരിച്ച് പി.എം.എം & സൺസ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിന്റെ പ്രീമിയർ ബ്ലൂ, 5000Lഎന്ന ടാങ്ക് വാങ്ങുന്നതിന് തീരുമാനമെടുത്തു. ടെണ്ടർ സ്പെസിഫിക്കേഷനിൽ 10000L ടാങ്ക് സപ്ലൈ ചെയ്യുന്നതിനായി നിരക്കുകൾ ക്വോട്ട് ചെയ്യുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത് എങ്കിലും 5000L ടാങ്ക് വാങ്ങുവാനാണ് തീരുമാനമെടുത്തത്. ട്യൂബ് അസോസിയേറ്റ്സ്, കല്ലൂർ എന്ന സ്ഥാപനമാണ് ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് എങ്കിലും സ്ഥാപനത്തെ ഒഴിവാക്കി പി.എം.എം & സൺസിൽ നിന്നും വാങ്ങുന്നതിനാണ് തീരുമാനമെടുത്തത്. 3 ലെയറുള്ള ടാങ്കാണ് കൂടുതൽ ഈട് നിൽക്കുന്നത് എന്ന് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടതിനാലാണ് ഈ തീരുമാനമെടുത്തത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടാങ്കിനേക്കാൾ 7860 രൂപ കൂടുതലുള്ള ടാങ്ക് വാങ്ങുന്നതിനാണ് കമ്മിറ്റി തീരുമാനമെടുത്തത്. എന്നാൽ ഗുണനിലവാര പരിശോധന നടത്തുകയോ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടാങ്കുകൾ ആണ് സപ്ളൈ ചെയ്യുന്നത് എന്നത് ഉറപ്പാക്കുകയും ചെയ്തിട്ടില്ല. വാങ്ങിയ ടാങ്കിന്റെ ഭാരം 130kg ആണന്ന് ടെണ്ടർ ഷെഡ്യൂളിൽ സപ്ലയർ സൂചിപ്പിച്ചിട്ടുണ്ട്. ആയത് പോലും പരിശോധിച്ചുറപ്പാക്കിയിട്ടില്ല. ടെണ്ടർ സ്പെസിഫിക്കേഷനിൽ സൂചിപ്പിച്ച ഗുണനിലവാരം ടാങ്കുകൾക്കില്ലെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.

2)ടാങ്കുകൾ വാങ്ങിയതിന് ശേഷമാണ് അവ സ്ഥാപിക്കുന്ന സ്ഥലം നിശ്ചയിച്ചുകൊണ്ട് കമ്മിറ്റി തീരുമാനമെടുക്കുന്നത് (31.3.18-ലെ നം. 1/3). എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ഉപയോഗിച്ചാണ് വാങ്ങൽ നടത്തിയതെങ്കിലും പ്രോജക്ടിന്റെ ഫീസിബിലിറ്റി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ടാങ്കുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങൾ കുടിവെള്ള ക്ഷാമമുള്ളതും എസ്.എസി, എസ്.റ്റി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾ ആണോ എന്നതും ഉറപ്പാക്കിയിട്ടില്ല. ഉദാഹരണത്തിന് വലിയ പാറയ്ക്കലിൽ ഗാർഹിക വാട്ടർ കണക്ഷനുള്ള 4 എസ്.റ്റി. കുടുംബങ്ങൾ മാത്രമുള്ള സ്ഥലത്താണ് വാട്ടർ ടാങ്ക് വെച്ചിട്ടുള്ളത്. അഞ്ചുമുക്ക്, റ്റി.വി.ജംഗ്ഷൻ തുടങ്ങി രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളെയെല്ലാം ഒഴിവാക്കി.

3)ടാങ്കിന്റെ പരിപാലനത്തിനും കുടിവെള്ളം നിറയ്ക്കുന്നതിനും വാർഡ് മെമ്പർ അദ്ധ്യക്ഷനായി സമീപവാസികളെ ഉൾപ്പെടുത്തി ഏഴംഗ പരിപാലന സമിതി രൂപീകരിച്ച് തുടർ പരിപാലനം നടത്തുന്നതിന് 31.3.18-ലെ 1/3 നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തുവെങ്കിലും ആയത് നാളിതുവരെ നടപ്പിലായിട്ടില്ല. ഭൗതിക പരിശോധനയിൽ ടാങ്കുകൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമായി. ടാങ്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തി ആയതിന് അടിസ്ഥാന സൗകര്യം ഒരുക്കുകയോ കുടിവെള്ള സ്രോതസ്സ് കണ്ടെത്തുകയോ ചെയ്യാതെ വാട്ടർ ടാങ്കുകൾ വാങ്ങുകയും ടാങ്കിന്റെ പരിപാലനത്തിനും കുടിവെള്ളം നിറയ്ക്കുന്നതിനുമുള്ള സൗകര്യം നാളിതുവരെ ഏർപ്പെടുത്താതെയും സ്വകാര്യ ഭൂമിയിലും റോഡിന്റെ വശങ്ങളിലും സൂക്ഷിക്കുകയും ചെയ്തിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/18തീ.06/1/18) ടാങ്കുകൾ സ്ഥാപിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനായി 2018-19 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 409500 (283500+126000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ടാങ്കുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-2 പഞ്ചായത്ത് ഓഫീസും കമ്മിറ്റി ഹാളും ഫർണ്ണീഷിംഗ്-പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ

പഞ്ചായത്ത് ഓഫീസിന്റെയും കമ്മിറ്റി ഹാളിന്റെയും ഫർണ്ണീഷിംഗിനായി 2016-17 ൽ ലോക ബാങ്ക് സഹായം(കേന്ദ്ര വിഹിതം) 1100000 രൂപയും തനത് ഫണ്ട് 100000 രൂപയും ചേർത്ത് ആകെ 1200000 രൂപ വകയിരുത്തി പദ്ധതി(എസ്

184/2017) ആവിഷ്കരിക്കുകയും തൻ വർഷം പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 237/2018-ാം നമ്പരായി സ്പിൽ ഓവർ പദ്ധതിയാക്കുകയും ചെയ്തിട്ടുണ്ട്(ബിൽ നം-50/26.08.2017). അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന നിർവ്വഹണോദ്യോഗസ്ഥൻ. പദ്ധതി രൂപീകരിച്ചപ്പോൾ ടെണ്ടർ ക്ഷണിച്ച ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. പിന്നീട് സ്പിൽ ഓവറാക്കിയപ്പോൾ നേരിട്ട് വാങ്ങുന്നതിനായി ഭേദഗതി വരുത്തി. കാഡ്‌ക്കോയിൽ നിന്ന് റബ് വുഡ്, ഉന്നം വുഡ് എന്നിവയുടെ ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്.

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി സ്പിൽ ഓവറാക്കുന്നതിന് മുൻപ് കാഡ്‌ക്കോ, സിഡ്‌ക്കോ എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. കേരള ആർട്ടിസാൻസ് ഡവലപ്‌മെന്റ് കോർപ്പറേഷനിൽ നിന്നും 15.03.2017 ൽ 1150301രൂപയുടെ എസ്റ്റിമേറ്റ് ലഭിക്കുകയുണ്ടായി 05.01.2017ൽ സിഡ്‌ക്കോയിൽ നിന്നുള്ള1150300 രൂപയുടെ എസ്റ്റിമേറ്റിന്റെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ നിരക്കുകളുടെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റോ ടെണ്ടർ ക്ഷണിച്ചതിന്റെ പത്ര പരസ്യമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടറിൽ എത് സ്പെസിഫിക്കേഷനുള്ള ഫർണ്ണീച്ചറുകളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭിച്ച ക്വട്ടേഷൻ നിരക്കുകൾക്ക് മത്സര സ്വഭാവമില്ലാത്തതിനാൽ (ക്വട്ടേഷൻ നിരക്കുകളിലെ വ്യത്യാസം 1 രൂപ മാത്രമാണ്) റീ ടെണ്ടർ ചെയ്യേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2)പദ്ധതി സ്പിൽ ഓവറാക്കി ഭരണാനുമതി നൽകിയത് 29.05.2017 ലും പദ്ധതി ആരംഭിക്കുന്ന തീയതി 01.06.2017ലും എന്ന് പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 27.06.2017 ലെ ക്യാഷ് ബില്ലിൽ കാഡ്‌ക്കോ റഫറൻസായി കാണിച്ചിട്ടുള്ളത് 24.03.2017 ലെ പർച്ചേയ്സ് ഓർഡർ ആണ്. പർച്ചേയ്സ് ഓർഡർ കൊടുത്തതിന് ശേഷമാണ് പ്രോജക്ട് ഭേദഗതി ചെയ്ത് സ്പിൽ ഓവറാക്കി മാറ്റിയിട്ടുള്ളത്. പർച്ചേയ്സ് ഓർഡർ കൊടുത്തിന് ശേഷം പ്രോജക്ട് ഭേദഗതി ചെയ്തതിന്റെ കാരണമോ ആയതിനെ സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനമോ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

3)കാഡ്‌ക്കോയിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ ഫർണ്ണീച്ചറുകൾ വാങ്ങാമെന്ന ഉത്തരവ്(ജി.ഒ നം 17/2017 /എസ്.പി.ഡി തീയതി 16.03.2017) ടെണ്ടർ കൂടാതെയുള്ള പർച്ചേയ്സിനെ സാധൂകരിക്കുന്നതിനായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയ ഫർണ്ണീച്ചറുകളുടെ വിലയും സ്പെസിഫിക്കേഷനും അനുസരിച്ചുള്ള ഫർണ്ണീച്ചറുകൾ വിതരണം ചെയ്യുന്നതിന് മാത്രമാണ് കാഡ്‌ക്കോ ടെണ്ടർ നടപടികളിൽ നിന്നും ഇളവ് നേടിയിട്ടുള്ളത്. പരിശോധനയിൽ കാഡ്‌ക്കോ സപ്ലൈ ചെയ്ത ഫർണ്ണീച്ചറുകളുടെ വിലയും സ്പെസിഫിക്കേഷനും പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള ഫർണ്ണീച്ചറുകളുടെ ഇനം, വില എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

4)കാഡ്‌ക്കോയുമായി സ്ഥാപനം കരാറിലേർപ്പെട്ടിട്ടില്ല.

5)ഭൗതിക പരിശോധനയിൽ എസ്ററിമേറ്റിലും ബില്ലിലും കാണിച്ചിട്ടുള്ള ഇനങ്ങളിൽ നിന്നും വ്യതിചലിച്ച് ഫർണ്ണീച്ചർ സപ്ളൈ ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ പ്രകാരമുള്ളത് | | വിതരണം ചെയ്തത് | |
|---|---|---|---|---|
| | ഇനം | എണ്ണം | ഇനം | എണ്ണം |
| 1 | Office Room File Cupboard:1200 L*90H cm. File storage cupboard made up of 18 & 12 mm A grade Rub wood | 1 | 1)Office Room File Cupboard:600 L cm<br>2)Office Room File Cupboard:200 L cm | 1<br>3 |
| 2 | Conference Table:U Shaped, size 880L*60W*80H cm and central gap 100 cm this table have 14 seats for members.Each seat has a draw with lock, it should be having a full length foot rest. This table made with good quality Unnam wood | 1 | 1)table have 3 seats for members.Each seat has a draw with lock,<br>2)table have 2 seats for members.Each seat has a draw with lock, | 1<br>6 |

6)പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് കോൺഫറൻസ് ഹാളിലെ ഉപയോഗത്തിന് വാങ്ങിയ കസേരകളുടെ സ്പെസിഫിക്കേഷൻ മെമ്പർമാർക്ക് വാങ്ങിയ കസേരകളിൽ നിന്നും വ്യത്യസ്തമാണെങ്കിലും ഒരേ നിരക്കാണ്(5500 രൂപ) ഈടാക്കിയിട്ടുള്ളത്.

7)ഓഫീസ് ഫർണ്ണീഷിംഗിനായി റബ് വുഡ് ഫർണ്ണീച്ചറും കമ്മിറ്റി ഹാളിന്റെ ആവശ്യത്തിനായി ഉന്നം വുഡ് ഫർണ്ണീച്ചറുമാണ് വാങ്ങിയത്. വാങ്ങലുകളെ സംബന്ധിച്ചുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങളും വാങ്ങലുകളുടെ ഗുണ നിലവാരം ഉറപ്പ് വരുത്തിയതിന്റെ രേഖകളും ഫയലിൽ ഇല്ല. ഗുണനിലവാരം ഇല്ലാത്ത തടി ഉപയോഗിച്ചതിനാൽ പർച്ചേയ്സ് നടത്തി 2 വർഷം പൂർത്തിയാകുന്നതിന് മുൻപ് തന്നെ ഫർണ്ണീച്ചറുകൾക്ക് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ അലമാരകളിൽ പൂപ്പൽ ബാധിച്ചിട്ടുണ്ട്. ഇതിൽ നിന്നും എ ഗ്രേഡ് റബ് വുഡ് ഉപയോഗിക്കാതെ നിലവാരം കുറഞ്ഞ തടി ഉപയോഗിച്ചാണ് ഓഫീസ് ഫർണ്ണീഷിംഗിനുള്ള ഫർണ്ണീച്ചറുകൾ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-26/06.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കാത്ത സാഹചര്യത്തിൽ റീ ടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് അധികൃതരുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും ഭാഗത്ത് നിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കാതെ തന്നെ സപ്ളൈ ഓർഡർ നൽകുകയും പിന്നീട് പ്രോജക്ട് സ്പിൽ ഓവർ ആക്കി നേരിട്ട് വാങ്ങുന്നതിനായി ഭേദഗതി വരുത്തുകയും ചെയ്തതിൽ നിന്നും തത്പര കക്ഷികളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് അധികൃതർ മുൻകൂട്ടി തീരുമാനിച്ചിരുന്നതായി വ്യക്തമാകുന്നു. എന്നാൽ വാങ്ങിയ ഫർണ്ണീച്ചറുകളൊന്നും തന്നെ കാഡ്ക്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാൻ സർക്കാർ അനുമതിയുള്ളതായിരുന്നില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കാതെ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുക്കുകയും പദ്ധതി നടപ്പാക്കുകയുമാണുണ്ടായത്. സ്റ്റോർ പർച്ചേയ്സ് മാനവലിലെ യാതൊരു നടപടി ക്രമവും പാലിക്കാതെയും ഗുണനിലവാരം ഉറപ്പ് വരുത്താതെയും വാങ്ങൽ നടത്തിയത് ഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ബില്ലുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളിൽ നിന്നും വ്യതിചലിച്ച് സാധനങ്ങൾ സപ്ലൈ ചെയ്തത് സംബന്ധിച്ച് യാതൊരു പരാമർശവും ഫയലിൽ ഇല്ല. ബില്ലിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങുകയും ആയതിന് ബിൽ പ്രകാരമുള്ള തുക നൽകുകയും ചെയ്തിട്ടുള്ളത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. 11.50 ലക്ഷത്തോളം രൂപയുടെ ഫർണ്ണീച്ചറുകൾ ടെണ്ടർ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ പർച്ചേയ്സ് ചെയ്യുകയും ബില്ലിൽ ഉൾപ്പെടാത്ത ഫർണ്ണീച്ചറുകൾ വിതരണം ചെയ്തപ്പോൾ പരിശോധിക്കാതെ തുക നൽകുകയും ചെയ്തത് നിർവ്വഹണോദ്യോഗസ്ഥന്റെയും പഞ്ചായത്ത് ഭരണസമിതിയുടെയും വീഴ്ചയാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ സംബന്ധിച്ച് വകുപ്പ് തല അന്വേഷണത്തിനും തുടർ നടപടികൾക്കുമായി ശുപാർശ ചെയ്യുന്നു.

## 3-3 തെരുവ് വിളക്ക് സ്ഥാപിക്കൽ- 13.8 ലക്ഷം രൂപയുടെ സുതാര്യതയില്ലാത്ത ചെലവ് അന്വേഷണ വിധേയമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും വാങ്ങിയ ലൈറ്റുകൾ ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ബില്ലിൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ അതേ അളവിലും തരത്തിലും ലഭിച്ചിട്ടുണ്ടെന്ന വിവരം സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ, സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം ബില്ലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മാത്രമല്ല വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. പ്രോജക്ട് നമ്പർ 276/2018, 273/18 എന്നിവയിൽ സൂപ്പർ വിഷൻ ചാർജ് ഉൾപ്പടെയുള്ള റേറ്റാണ് Kalloor Electronics & Lighting എന്ന സ്ഥാപനം ക്വോട്ട് ചെയ്തത്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽനിന്നും ലഭ്യമാക്കിയിട്ടില്ല. താഴെക്കൊടുത്തിരിക്കുന്ന പട്ടികയിലെ ക്രമനമ്പർ 5 മുതൽ 17 വരെയുള്ള പ്രോജക്ടുകളിൽ 2016-17 വർഷം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് വേണ്ടി കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തതിനോടൊപ്പം ലൈൻ എക്സ്റ്റൻഷൻ ചെയ്ത ഭാഗങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ് കൂടി ഒടുക്കിയിരുന്നു. തൻവർഷമാണ് സ്പിൽ ഓവർ പ്രോജക്ടുകളിൽ ടെണ്ടർ ക്ഷണിച്ച് ഇലക്ട്രിക്കൽ ലൈറ്റുകൾ വാങ്ങിയത്. എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. പട്ടികയിലെ ക്രമനമ്പർ 3, 4 എന്നീ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടില്ല. ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം കെ.എസ്.ഇ.ബി-യിൽ നിന്നും വാങ്ങാത്തതിനാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ സുപ്രധാന ഘട്ടമായ ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്ന നടപടി കൃത്യമായി നടത്തിയതിന് തെളിവില്ല. പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ഫയലില്ല. തങ്ങളുടെ വാർഡുകളിൽ ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും മെയിന്റനൻസ് കൃത്യമായി നടക്കുന്നുണ്ടെന്നും വാർഡ് മെമ്പർമാർ പോലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിശദാംശം | ചെലവഴിച്ച തുക, ബിൽ നം./തീയതി | വാങ്ങലുകൾ നടത്തിയ സ്ഥാപനത്തിന്റെ പേര്, വിശദാംശം |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(എൽ.ഇ.ഡി) | 700000 (തനത് ഫണ്ട്) ചെക്ക് നം. | കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും 280 |

| | | | |
|---|---|---|---|
| | 276/18 | 13221/23.03.2018 | എൽ.ഇ.ഡി ലാംപുകൾ |
| 2 | പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ , 273/18 | 145000<br>360/23.03.2018 | കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും 58 എൽ.ഇ.ഡി ലാംപുകൾ |
| 3 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, 12/18, സ്പിൽ ഓവർ | 191340<br>(വികസന ഫണ്ട്, ജനറൽ)<br>59/31.08.2017 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 93 ഡബിൾ ട്യൂബ് ലൈറ്റ് സെറ്റുകൾ |
| 4 | തെരുവ് വിളക്ക് മെയിന്റനൻസ്<br>22/18, സ്പിൽ ഓവർ | 65196<br>(തനത് ഫണ്ട്)<br>31.08.2017-ൽ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 200 സി.എഫ്.എൽ, 210 ട്യൂബ് ലൈറ്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ |
| 5 | കോതയാട്ട് പാറ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>13/18, സ്പിൽ ഓവർ | 22780<br>411/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 17 ഡബിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 6 | പത്തരയേക്കർ കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>14/18, സ്പിൽ ഓവർ | 25393<br>278/26.02.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 16 ഡബിൾ ട്യൂബ് സെറ്റ്, വാങ്ങി |
| 7 | കട്ടച്ചിറ പട്ടികജാതി കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>15/18, സ്പിൽ ഓവർ | 6700<br>412/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 5 ഡബിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 8 | നീലിപ്പിലാവ് നീലിജ കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>16/18, സ്പിൽ ഓവർ | 5360<br>414/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും സിംഗിൾ ട്യൂബ് സെറ്റ് വാങ്ങി |

| | | | |
|---|---|---|---|
| 9 | വില്ലുന്നിപ്പാറ മൺപിലാവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>18/18, സ്പിൽ ഓവർ | 23855<br>279/26.02.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 16 ഡബിൾ ട്യൂബ് സെറ്റ്, വാങ്ങി |
| 10 | ഈട്ടിച്ചുവട് നിലിപ്പിലാവ് റോഡ്-സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>19/18, സ്പിൽ ഓവർ | 25393<br>406/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 16 ഡബിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 11 | മരുകാലിൽപ്പടി പാറയിൽപ്പടി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>20/18, സ്പിൽ ഓവർ | 16165<br>407/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 10 ഡബിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 12 | വയ്യാറ്റുപുഴ കൊച്ചുകുളങ്ങര വാലി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>21/18, സ്പിൽ ഓവർ | 11551<br>408/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 7 ഡബിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 13 | വില്ലുന്നിപ്പാറ മൺപിലാവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>25/18, സ്പിൽ ഓവർ | 30820<br>409/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 23 സിംഗിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 14 | നിലിപ്പിലാവ് സ്കൂൾപ്പടി മുതൽ വനം വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>26/18, സ്പിൽ ഓവർ | 8040<br>413/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 6 സിംഗിൾ ട്യൂബ് സെറ്റ് വാങ്ങി |
| 15 | പടയണിപ്പാറ മുതലവാരം റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>27/18, സ്പിൽ ഓവർ | 6700<br>410/29.03.2018 | തമ്പുരാൻ കാലായിൽ, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നും 5 ഡബിൾ ട്യൂബ് സെറ്റ്, അലൂമിനിയം വയർ എന്നിവ വാങ്ങി |
| 16 | പടയണിപാറ കാരികയം കൊട്ടുമുടി റോഡിൽ സ്ട്രീറ്റ് | 48780<br>61/31.08.2017 | 30ഡബിൾ ട്യൂബ് കവർ, 60 ട്യൂബ് |

| | | | |
|---|---|---|---|
| | മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>28/18, സ്പിൽ ഓവർ | | ലൈറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വിജയ ഏജൻസീസിൽ നിന്നും വാങ്ങി |
| 17 | ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് തെക്കേക്കരയിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>29/18, സ്പിൽ ഓവർ | 48780<br>17623/29.03.2018 | 30ഡബിൾ ട്യൂബ് കവർ, 60 ട്യൂബ് ലൈറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വിജയ ഏജൻസീസിൽ നിന്നും വാങ്ങി |
| | ആകെ | 1381853 | |

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/06.02.19) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമവിരുദ്ധമായ വാങ്ങൽ സംബന്ധിച്ച് വകുപ്പ് തലത്തിൽ സമഗ്രമായ അന്വേഷണം നടത്തി ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 പ്രൊക്യൂർമെന്റ് മാനുവൽ-ചട്ട വിരുദ്ധമായി വാങ്ങൽ നടത്തി

ജി.ഒ.(പി)259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണം ഗ്രാമപ്പഞ്ചായത്ത് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്ത് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. തൻവർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നതിന്റെ രേഖകളില്ല. വിവിധ വാങ്ങലുകളുടെ ഭാഗമായി ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെയും, സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യത്തിലല്ല തുറന്നിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വ്യവസ്ഥകൾ പാലിക്കാതെ നടത്തിയിട്ടുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിശദാംശം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക, ബിൽ നം./തീയതി |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(എൽ.ഇ.ഡി)<br>276/18 | സെക്രട്ടറി | 700000<br>ചെക്ക് നം.-13221/23.03.2018 |
| 2 | പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ, 273/18 | " | 145000<br>360/23.03.2018 |
| 3 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, 12/18, സ്പിൽ ഓവർ | " | 191340<br>59/31.08.2017 |
| 4 | തെരുവ് വിളക്ക് മെയിന്റനൻസ്<br>22/18, സ്പിൽ ഓവർ | " | 65196(തനത് ഫണ്ട്)<br>31.08.2017ൽ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു |
| 5 | കോതയാട്ട് പാറ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>13/18, സ്പിൽ ഓവർ | " | 22780<br>411/29.03.2018 |
| 6 | പത്തരയേക്കർ കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | " | 25393<br>278/26.02.2018 |

| | | | |
|---|---|---|---|
| | 14/18, സ്പിൽ ഓവർ | | |
| 7 | കട്ടച്ചിറ പട്ടികജാതി കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>15/18, സ്പിൽ ഓവർ | " | 6700<br>412/29.03.2018 |
| 8 | നീലിപ്പിലാവ് നീലിജ കോളനിയിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>16/18, സ്പിൽ ഓവർ | " | 5360<br>414/29.03.2018 |
| 9 | വില്ലൂന്നിപ്പാറ മൺപിലാവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>18/18, സ്പിൽ ഓവർ | " | 23855<br>279/26.02.2018 |
| 10 | ഊട്ടിച്ചുവട് നിലിപ്പിലാവ് റോഡ്-സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>19/18, സ്പിൽ ഓവർ | " | 25393<br>406/29.03.2018 |
| 11 | മരുകാലിൽപ്പടി പാറയിൽപ്പടി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>20/18, സ്പിൽ ഓവർ | " | 16165<br>407/29.03.2018 |
| 12 | വയ്യാറ്റുപുഴ കൊച്ചുകുളങ്ങര വാലി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>21/18, സ്പിൽ ഓവർ | " | 11551<br>408/29.03.2018 |
| 13 | വില്ലൂന്നിപ്പാറ മൺപിലാവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>25/18, സ്പിൽ ഓവർ | " | 30820<br>409/29.03.2018 |
| 14 | നിലിപ്പിലാവ് സ്കൂൾപ്പടി മുതൽ വനം വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>26/18, സ്പിൽ ഓവർ | " | 8040<br>413/29.03.2018 |
| 15 | പടയണിപ്പാറ മുതലവാരം റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>27/18, സ്പിൽ ഓവർ | " | 6700<br>410/29.03.2018 |
| 16 | പടയണിപാറ കാരികയം കൊട്ടുമുടി റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | " | 48780<br>61/31.08.2017 |

| | | | |
|---|---|---|---|
| | 28/18, സ്പിൽ ഓവർ | | |
| 17 | ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് തെക്കേക്കരയിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>29/18, സ്പിൽ ഓവർ | ,, | 48780<br>17623/29.03.2018 |
| 18 | ലൈബ്രറി നവീകരണം, 23/18, സ്പിൽ ഓവർ | ,, | 52390<br>94/30.10.2017 |
| 19 | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ,87/18 | ,, | 149500<br>81/23.10.2017 |
| 20 | ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ്, 92/18 | ,, | 49500<br>208/31.01.2018 |
| 21 | കമ്മ്യൂണിറ്റി ഹാളിന് ഉച്ചഭാഷിണിയും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, 93/18 | ,, | 49593<br>335/20.03.2018 |
| 22 | ലൈബ്രറിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ, 94/18 | ,, | 39800<br>80/23.10.2017 |
| 23 | ഘടക സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ, 252/18 | ,, | 89900<br>181/19.01.2018 |
| 24 | പട്ടികജാതി കോളനികളിൽ പൊതു വാട്ടർടാങ്ക് ,280/18 | ,, | 283500<br>397/28.03.2018 |
| 25 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, 70/18 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ | 269100<br>126/01.02.2017 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, 71/18 | ,, | 895500<br>341/21.03.2018 |
| 27 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം, 72/18 | ,, | 47760<br>356/23.03.2018 |
| 28 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം, 73/18 | ,, | 96225<br>357/23.03.2018 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ,74/18 | ,, | 100725<br>389/28.03.2018 |
| 30 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ, 75/18 | ,, | 24850<br>236/09.02.2018 |
| 31 | പഞ്ചായത്ത് ഓഫീസും കമ്മിറ്റി ഹാളും ഫർണ്ണിഷിംഗ്, 237/18 | അസിസ്റ്റന്റ് എൻജിനീയർ | 1150301<br>50/26.08.2017 |
| 32 | പഞ്ചായത്ത് കമ്മിറ്റിഹാൾ നവീകരണം, 251/18 | സെക്രട്ടറി | 176084<br>404/28.01.2018 |

| | | | |
|---|---|---|---|
| 33 | അങ്കണവാടികൾക്ക് ഇലക്ട്രിക് ഉപകരണങ്ങൾ, 125/18 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 42090<br>396/28.03.2018 |
| 34 | വൃദ്ധജനസൗഹൃദാലയത്തിന് ഉപകരണം വാങ്ങൽ, 286/18 | " | 98360<br>398/28.03.2018 |
| | ആകെ | | 4997031 |

ജനപ്രതിനിധികളുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഫലപ്രദമായ ഏകോപനത്തിലൂടെയും, ജനകീയ മോണിറ്ററിംഗിന് കൂടുതൽ സാധ്യതകൾ തുറന്നു നൽകി വ്യക്തിഗതവും, കേന്ദ്രീകൃതവുമായ രീതി ഒഴിവാക്കുന്നതിലൂടെയും മാത്രമേ വാങ്ങലുകളിൽ മിതവ്യയം (economy), കാര്യക്ഷമത (efficiency), സുതാര്യത (transparency) എന്നിവ ഉറപ്പാക്കാനാവൂ. എന്നാൽ ഇപ്രകാരമൊരു ഏകോപനമില്ലാതിരുന്നതിനാൽ ഓഡിറ്റ് വർഷത്തെ വാങ്ങൽ നടപടികൾ സുതാര്യമായിരുന്നില്ല. സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള പല പ്രോജക്ടുകളുടെയും നിർവ്വഹണത്തിൽ വീഴ്ചയുണ്ടായതായി ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുമുണ്ട്. പ്രോക്യൂർമെന്റ് നടപടിക്രമങ്ങളിലുണ്ടായിട്ടുള്ള അപാകതകൾക്ക് സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥരും, പഞ്ചായത്ത് ഭരണസമിതിയും തുല്യ ഉത്തരവാദികളാണ്. മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവഴിച്ച 4297031 രൂപയിൽ ഖണ്ഡിക 3-2-ൽ തടസ്സപ്പെടുത്തിയ 1150301, ഖണ്ഡിക 3-3-ൽ തടസ്സപ്പെടുത്തിയ 1381853 എന്നിവ കിഴിച്ച് ബാക്കിയുള്ള 2464877 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ സംബന്ധിച്ച് സമഗ്രമായ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-5 സ്പോർട്സ് ഉപകരണങ്ങൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു

സബ്സിഡി മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് 2000 രൂപയിലധികരിക്കാത്ത സ്പോർട്ട്സ് ഉപകരണങ്ങൾ മാത്രം നൽകാമെന്നിരിക്കേ 5500 രൂപയുടെ ഉപകരണങ്ങൾ നൽകി.

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| S0092/18 | 50000 (വികസന ഫണ്ട്) | 49500 | ബിൽ നം. 208 /06.02.18 |

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ക്വട്ടേഷൻ ക്ഷണിച്ച് കിക്കോ സ്പോർട്സ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും 49500രൂപ വില വരുന്ന ചുവടെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി 9- സ്പോർട്സ് ക്ലബുകൾക്കായി വിതരണം നടത്തിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| ക്രിക്കറ്റ് ബാറ്റ് | 18 |
| ഫുട്ബാൾ | 9 |
| വോളിബാൾ | 9 |
| ഷട്ടിൽ ബാറ്റ് | 18 |
| വോളിബാൾ നെറ്റ് | 9 |
| ഷട്ടിൽ നെറ്റ് | 9 |
| ചെസ്സ് ബോർഡ് & കോയിൻ | 9 |
| കാരം ബോർഡ് & കോയിൻ | 9 |

ഓരോ ക്ലബിനും 5500 രൂപയുടെ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ക്ലബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഉപകരണങ്ങൾ നൽകിയ ക്ലബ്ബുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. ജയകേരള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കാരികയം
2. സിക്സർ സ്പോർട്ട്സ് ക്ലബ്, ചിറ്റാർ
3. ചലഞ്ചേഴ്സ് ക്ലബ്, കാരികയം
4. പുലരി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, മൺപിലാവ്
5. വിവാ ക്ലബ്, തെക്കേക്കര
6. ബ്രദേഴ്സ് ക്ലബ്, പുലമൺപാറ
7. യംഗ്സ് ക്ലബ്, ചിറ്റാർ
8. എ.വി.റ്റി ക്ലബ്, ചിറ്റാർ
9. മിനർവ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ബഞ്ചമൺപാറ

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയായ ജി.ഒ(എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ:03.04.2017-നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് പ്രകാരം യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് 2000/- രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ മാത്രമാണ് നൽകാവുന്നത്. എന്നാൽ പ്രോജക്ട് പ്രകാരം രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത 9-ക്ലബുകൾക്ക് 49500/-രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. 9ക്ലബുകൾക്ക് പരമാവധി നൽകാവുന്നത് 18000/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ്. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി 31500/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് വേണം പദ്ധതി നടപ്പിലാക്കേണ്ടതെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. അപേക്ഷ സമർപ്പിച്ച ക്ലബുകളിൽ നിന്നും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വാങ്ങിയില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ കായികവികസനം സാദ്ധ്യമാക്കുന്നതിനും ക്ലബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനും യൂത്ത് ക്ലബുകളുടെ ഏകോപനസമിതി രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. യുവജന ക്ലബുകളുടെ ഏകോപന സമിതിയുമായി ആലോചിച്ചാവണം കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് . എന്നാൽ പഞ്ചായത്തിൽ അപ്രകാരം സമിതി രൂപീകരിച്ചിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-27/06.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് അധികമായി ചെലവഴിച്ച 31500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കുടിവെള്ള ഗാർഹിക കണക്ഷൻ; ചെലവ് രേഖകളില്ലാതെ തുക പിൻവലിച്ചു

| | |
|---|---|
| അടങ്കൽ | 394500 |
| പ്രോജക്ട് നമ്പർ | 124/18 |
| ചെലവ്, ബിൽ നം/തീയതി | 1)37500/, 3/18തീ. 27.2.18 |
| | 2)30000, 18/18തീ.31.3.18 |
| | 3)75000, 8.18തീ.24.3.18 |
| | 4)37500, 15/18 തീ.31.3.18 |
| | ആകെ--180000 |

എ)അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടിവെള്ള ഗാർഹിക കണക്ഷൻ(എസ്.സി.പി) എന്ന പ്രോജക്'ടിന്റെ ഭാഗമായി ബിൽ നം.3/18 പ്രകാരം 37500 രൂപ പിൻവലിച്ച് 5 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുകയായ 7500 രൂപ വീതം മാറ്റി നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ.രാജൻ, ശ്രീമതി പി.എസ്.രമണി എന്നിവരുടെ അക്കൗണ്ടിലേയ്ക്ക് 7500/ രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലില്ല. ഇത് സംബന്ധിച്ച് എൻക്വയറി(18/18തീ.04.01.2019) നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയുണ്ടായില്ല.

രേഖകളുടെ അഭാവത്തിൽ 15000രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി) അനുബന്ധരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് 7500 രൂപ വീതം ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | അമ്മിണി റ്റി.കെ, കിണറ്റുകരയിൽ | ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ടിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല |
| 2 | സുശീല രാജു, കപ്പമാവുങ്കൽ | ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രമില്ല |
| 3 | അമ്മിണി തങ്കപ്പൻ, കപ്പമാവുങ്കൽ | ടിയാളുടെ അപേക്ഷ, വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ ലഭിച്ചതായുള്ള രേഖകൾ, ജാതി വരുമാനം എന്നിവ തെളിയിക്കുന്ന രേഖകളില്ല |
| 4 | നളിനി, തൈനിൽക്കുന്നതിൽ | കുടിവെള്ള കണക്ഷൻ ലഭിച്ചതായി രേഖകളില്ല |

മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 30000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് പുറപ്പെടുവിച്ച് 60 ദിവസത്തിനകം രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്ത പക്ഷം രേഖകളില്ല എന്ന നിഗമനത്തിൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 ഒരു ഗുണഭോക്താവിന് രണ്ടു പ്രാവശ്യം സബ്സിഡി ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക് നമ്പർ | 135/18 (റ്റി.എസ്.പി) |
| അടങ്കൽ | 97500 |
| ചെലവ്, ബിൽ നം/തീയതി | 1)15000- 6/18, 31.3.18 |
| | 2)7500- 4/18/27,2.18 |
| | 3)15000- 7/18, 24.3.18 |

എ)അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടിവെള്ള ഗാർഹിക കണക്ഷൻ(റ്റി.എസ്.പി) എന്ന പ്രോജക്ട് പ്രകാരം ശ്രീമതി ദീപ എൻ.ഡി, തെക്കും കോവിൽ, വയ്യാറ്റുപുഴ എന്ന ഗുണഭോക്താവിന് സബ്സിഡിയായ 7500 രൂപ ക്രമനം(2), (3) എന്നീ ബില്ലുകൾ പ്രകാരം രണ്ടു പ്രാവശ്യം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ അപേക്ഷ, ജാതി/വരുമാനം തെളിയിക്കുന്ന രേഖകൾ, അക്കൗണ്ട് നമ്പർ ശരിയാണോ എന്ന് തെളിയിക്കുന്നതിനായി ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവയില്ല. വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി ഫീസ് അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കണക്ഷൻ അനുവദിച്ചത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം17/04/01/2019) മറുപടിയായി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ 7500 രൂപ രണ്ട് പ്രാവശ്യം ക്രഡിറ്റ് ചെയ്തിട്ടുണ്ട് എന്നത് അക്കൗണ്ട് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്നും തുക അടിയന്തിരമായി

തിരികെ ഒടുക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. സബ്സിഡി നൽകിയതിൽ ഇരട്ടിപ്പ് വന്ന സാഹചര്യത്തിൽ അധികം നൽകിയ 7500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. റ്റി.എസ്.പി ഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച തുക അടിയന്തിരമായി തിരികെ ഒടുക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി രേഖകൾ ഹാജരാക്കാതെ സബ്സിഡി അനുവദിച്ചു

ക്രമനം.3 ബിൽ നം.7/18 പ്രകാരം ആനുകൂല്യം നൽകിയ ശ്രീ.നാണു, സുഷമ വിലാസം, പാമ്പിനി എന്ന ഗുണഭോക്താവിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് മാത്രമാണ് ഫയലിലുള്ളത്. വാട്ടർ കണക്ഷൻ അനുവദിച്ചത് സംബന്ധിച്ച രേഖകൾ, ജാതി/വരുമാനം തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. അനുബന്ധരേഖകളുടെ അഭാവത്തിൽ 7500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 അർഹത ഉറപ്പാക്കാതെ സബ്സിഡി നൽകി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് മെയിന്റനൻസ്(എസ്.സി.പി) എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം വകയിരുത്തിയിരുന്ന 50000 രൂപ ശ്രീമതി കുഞ്ഞമ്മ ഭാസ്കരൻ, ഓലിയ്ക്കൽ, മീൻകുഴി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകി.(ബിൽനം-6/18 തീ.27/2/18). ടിയാളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്, കൈപ്പറ്റ് രസീത് എന്നിവ മാത്രമാണ് ഫയലിലുള്ളത്. ഗുണഭോക്താവിന്റെ ജാതി/വരുമാനം തെളിയിക്കുന്ന രേഖകൾ, അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവയില്ല. ടിയാൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടയാളാണ് എന്നത് തെളിയിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് (സ.ഉ(എം.എസ്)നമ്പർ80/17/ത.സ്വ.ഭ.വ, തീ.03/04/17) വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിനാണ് സബ്സിഡി അനുവദിക്കാവുന്നത്. 2ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള എസ്.സി.പി. വിഭാഗക്കാർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. പുതിയ വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞതിന് ശേഷം മാത്രമാണ് ആനുകൂല്യം നൽകേണ്ടത്. മാത്രമല്ല പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി.എൻജിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാവൂ. എന്നാൽ ഈ അർഹതാ മാനദണ്ഡങ്ങൾ ഒന്നും പരിശോധിക്കാതെയും അർഹത ഉറപ്പാക്കാതെയും സബ്സിഡി ആനുകൂല്യം നൽകിയിരിക്കുന്നതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 വീട് വാസയോഗ്യമാക്കൽ: അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല

ലൈഫ് മിഷനുമായി സഹകരിച്ച് വീട് വാസയോഗ്യമാക്കൽ(റ്റി.എസ്.പി) എന്ന പ്രോജക്ട് പ്രകാരം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 1.20 ലക്ഷം രൂപ നൽകിയിട്ടുണ്ടെങ്കിലും അർഹമായ തുക നിശ്ചയിച്ചത് സംബന്ധിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ചും ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2016 മാർച്ച് 31-ന് മുൻപ് എഗ്രിമെന്റ് വച്ചതും നാളിതുവരെ പൂർത്തിയാക്കാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിനായി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് വിശദമായ മാർഗ്ഗരേഖയും ജി.ഒ(എം.എസ്)196/2017/ത.സ്വ.ഭ.വ തീ.11/10/17 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം, പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനായി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് യഥാർത്ഥ നിർമ്മാണച്ചെലവിന് അർഹതയുണ്ട്. ഇതിലേക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ ലൈഫ് മിഷനുവേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള റ്റി.പി.റ്റികൾ( Third Party Technical Agency) ഓരോ ഭവനവും സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും റ്റി.പി.റ്റി നിശ്ചയിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനതല കർമ്മസമിതി പരിശോധിച്ച് ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതും ഭരണ സമിതി ഓരോ ഗുണഭോക്താവിനും നൽകേണ്ട തുക സംബന്ധിച്ച് അന്തിമ തീരുമാനം സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് മിഷനുമായി സഹകരിച്ച് വീട് വാസയോഗ്യമാക്കൽ(റ്റി.എസ്.പി) പ്രോജക്ട് പ്രകാരം പി.കെ ഓമന, പുത്തൻപുരയ്ക്കൽ എന്ന ഗുണഭോക്താവിന് 120000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. (ബിൽ നം-5/18 തീ.27.2.18, 14/18തീ.31.3.18). ഗ്രാമപഞ്ചായത്ത് 2014-15 വർഷം ആവിഷ്കരിച്ച 2.5ലക്ഷം അടങ്കലുള്ള ഭവന നിർമ്മാണ പ്രോജക്ട് പ്രകാരം ടിയാൾ 3 ഗഡു ധനസഹായം(175000) കൈപ്പറ്റിയിരുന്നു. പട്ടിക വർഗ്ഗത്തിൽപ്പെടുന്ന ഗുണഭോക്താവിന് യഥാർത്ഥ നിർമ്മാണച്ചെലവിന് അർഹതയുണ്ടെന്നിരിക്കേ, റ്റി.പി.റ്റി ഭവന നിർമ്മാണ പൂർത്തീകരണത്തിന് തുക നിശ്ചയിച്ചത് സംബന്ധിച്ചോ ഇതനുസരിച്ച് ഭരണ സമിതി ഗുണഭോക്താവിന് നൽകേണ്ട തുക നിജപ്പെടുത്തിയത് സംബന്ധിച്ചോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ടിയാൾ ഭവന നിർമ്മാണം പൂർത്തീകരിച്ചോ എന്നത് സംബന്ധിച്ചുള്ള രേഖകളും ഫയലിലില്ല. ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുക മാത്രമാണുണ്ടായത്. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 120000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ആശ്രയ ചലഞ്ച് ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ

ആശ്രയ രണ്ടാം ഘട്ട പദ്ധതിയ്ക്കായി ജില്ലാ കുടുംബശ്രീ മിഷൻ ചലഞ്ച് ഫണ്ടിനത്തിൽ അനുവദിച്ച 489256/- രൂപ 7/11/17-ൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ഈ തുക നാളിതുവരെ ആശ്രയ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകിയിട്ടില്ല. തനത് ഫണ്ടിൽ നിക്ഷേപിച്ച തുക ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/18) മറുപടി നൽകിയിട്ടില്ല. തുക അടിയന്തിരമായി ആശ്രയ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 വെറ്റില കൃഷിയ്ക്കുള്ള സബ്സിഡി-രേഖകൾ ഹാജരാക്കിയില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 52/18 | വികസന ഫണ്ട് | 150000 | ബിൽ നം.VP5/2017-18 തീ:22.01.18 | 132720 |
| | | ഗുണഭോക്താവ് നേരിട്ട് | 49920 | ഗുണഭോക്താവ് നേരിട്ട് | 44160 |
| | | ആകെ | 199920 | ആകെ | 176880 |

വെറ്റില കൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ടി, 10 സെന്റ് കൃഷി ഭൂമിയുള്ള ഓരോ കർഷകർക്കും 270 എണ്ണം വെറ്റിലക്കൊടികളും 20 Kg ജൈവവളവും 75% സബ്സിഡി ആനുകൂല്യത്തോടെ വിതരണം നടത്താനാണ് പദ്ധതി ആവിഷ്കരിച്ചത്. വെറ്റിലക്കൊടികളും ജൈവവളവും ഗുണഭോക്താവ് നേരിട്ട് വാങ്ങി ഇൻവോയ്സുകൾ ഹാജരാക്കുമ്പോൾ സബ്സിഡി തുക കർഷകന്റെ അക്കൗണ്ടിലേക്ക് അനുവദിച്ച നല്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്. വെറ്റിലക്കൊടി ഒന്നിന് 12/- രൂപയും ജൈവവളം കി.ഗ്രാമിന് 30/- രൂപയും നിരക്കിൽ 270 എണ്ണം വെറ്റിലക്കൊടികളും 20 Kg ജൈവവളവും ഉൾക്കൊള്ളുന്ന ഒരു യൂണിറ്റിന് 3840/- രൂപ കണക്കാക്കി ആയതിന്റെ 75% ആയ 2880/-രൂപയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത് . പദ്ധതി നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(a). സബ്സിഡി ആനുകൂല്യത്തിനുള്ള അപേക്ഷകളിൽ കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ എന്നിവരുടെ പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

(b). ജൈവവളം, വെറ്റിലക്കൊടി എന്നിവ വാങ്ങിയതിന്റെ ഇൻവോയ്സുകൾ ഹാജരാക്കാത്ത ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ.നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | അനുവദിച്ച നൽകിയ സബ്സിഡി തുക | ഹാജരാക്കാത്ത ഇൻവോയ്സുകൾ | ഇൻവോയ്സുകൾ ഇല്ലാതെ സബ്സിഡിയായി നൽകിയ തുക |
|---|---|---|---|---|
| 1 | ബിനുകമാർ, ചെമ്പരത്തിമൂട്ടിൽ, മൺപിലാവ് | 2880 | ജൈവവളം | 450 |
| 2 | പുരുഷോത്തമൻ, കുന്നുകല്ലുങ്കൽ, പുലയൻപാറ | 2880 | ജൈവവളം | 450 |
| 3 | മനോഹരൻ റ്റി.എസ്, രജനീസദനം, വില്ലുന്നിപ്പാറ | 2880 | ജൈവവളം | 450 |
| 4 | ശോഭ, നിഖിൽ നിവാസ്, വയ്യാറ്റുപുഴ | 2880 | ജൈവവളം, വെറ്റിലക്കൊടി | 2880 |
| 5 | സന്തോഷ്കമാർ പി.ബി.,പുഷ്പവിലാസം, മൺപിലാവ് | 2880 | ജൈവവളം, വെറ്റിലക്കൊടി | 2880 |
| 6 | എൻ.ഡി.സോമരാജൻ, നല്ലേത്തുംകര, വയ്യാറ്റുപുഴ | 2880 | ജൈവവളം, വെറ്റിലക്കൊടി | 2880 |

| | | | | |
|---|---|---|---|---|
| 7 | സുഗതൻ, നെട്ടമാങ്കൽ, മൺപിലാവ് | 2880 | ജൈവവളം, വെറ്റിലക്കൊടി | 2880 |
| 8 | രാജമ്മ, കുറ്റിയിൽ, കാരിക്കയം | 2880 | ജൈവവളം, വെറ്റിലക്കൊടി | 2880 |
| 9 | സുരേഷ് എസ്.,സുരേഷ് ഭവൻ, വില്ലൂന്നിപ്പാറ | 2880 | ജൈവവളം, വെറ്റിലക്കൊടി | 2880 |
| 10 | ബിജുപ്രകാശ്, പുന്നമൂട്ടിൽ, മുരുപ്പേൽ | 2880 | വെറ്റിലക്കൊടി | 2430 |
| | ആകെ | | | 21060 |

പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/04.02.19) കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ വെറ്റില കൃഷി നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാകുന്നില്ല. അനർഹരായ ആളുകൾക്ക് സബ്സിഡി അനുവദിച്ചു നൽകിയതിന് കൃഷി ഓഫീസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൃത്യമായ ചെലവ് രേഖകളില്ലാതെ അനുവദിച്ചു നൽകിയ 21060 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണവും ചെലവ് രേഖകളും ഹാജരാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്.

## 3-12 പച്ചക്കറി വികസന പദ്ധതി പൂർണ തോതിൽ നടപ്പാക്കിയില്ല

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| S0069/18 | വികസന ഫണ്ട് (റ്റി.എസ്.പി) | 150000 | ബിൽ നം.VP26/2017-18 തീ:26.03.18 | 7125 |
| | ഗുണഭോക്താവ് നേരിട്ട് | 42275 | ഗുണഭോക്താവ് നേരിട്ട് | 2375 |
| | ആകെ | 192275 | ആകെ | 9500 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി. 10 സെന്റ് ഭൂമിയുള്ള എസ്.സി.വിഭാഗത്തിൽപ്പെട്ട ഒരു കർഷകന് 250/- രൂപ വിലവരുന്ന പച്ചക്കറി വിത്ത് സൗജന്യമായും, 30/- രൂപ നിരക്കിലുള്ള 50 Kg ജൈവവളം, 100 രൂപ നിരക്കിലുള്ള 4 Kg ജൈവ/ജീവാണു കീടനാശിനി എന്നിവ 75% സബ്സിഡി ആനുകൂല്യത്തോടേയും വിതരണം നടത്തുവാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതി ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വളം, കീടനാശിനി എന്നിവ 5-ഗുണഭോക്താക്കൾക്ക് 75% സബ്സിഡി ആനുകൂല്യത്തോടെ വിതരണം നടത്തിയിട്ടുണ്ടെങ്കിലും സൗജന്യമായി നൽകേണ്ട പച്ചക്കറി വിത്തുകൾ വാങ്ങി വിതരണം നടത്തിയില്ല. പദ്ധതിയ്ക്ക് ഗുണഭോക്താക്കളായി 5-പേർ മാത്രമാണുള്ളത്. പദ്ധതി നടപ്പാക്കൽ വൈകിയതുമൂലം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാതെ വരികയും പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയാതിരിക്കുകയും ചെയ്തു. പദ്ധതിയുടെ ഏറ്റവും അവിഭാജ്യ ഘടകമായിരുന്ന സൗജന്യ പച്ചക്കറി വിത്ത് നൽകാതെ വളവും കീടനാശിനിയും മാത്രം നൽകിയതുമൂലം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കപ്പെട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/04.02.19) കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിൽ വീഴ്ച്ച വരുത്തിയ കൃഷി ഓഫീസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ചെലവ് തുക 9500 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 സ്ഥാപിക്കാത്ത നെയിംബോർഡുകൾക്ക് തുക ചെലവഴിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രവൃത്തികളുടെ ഭൗതിക പരിശോധനയിൽ സ്ഥാപിക്കാത്ത നെയിം ബോർഡുകൾക്കും തുക നൽകിയതായി വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് | എം ബുക്ക് നം | ബിൽ നം/തീയതി | കരാറുകാരന്റെ പേര് | നെയിം ബോർഡിനായി ചെലവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ചെയ്തത് |
| 1 | മൺപിലാവ് സ്കൂളിന് കഞ്ഞിപ്പുര, 221/18 | 300000 (റോഡിതര മെയിന്റനൻസ് ഫണ്ട്) | 279791 | 55/2016-17 | 212/01.02.2018 | വർഗ്ഗീസ് പി എം | 3000 |
| 2 | മൺപിലാവ് സ്കൂളിന് മെയിന്റനൻസ് (192/2018) | 575893 (റോഡിതര മെയിന്റനൻസ് ഫണ്ട്) | 554813 | 10/17-18 | 66/08.12.2017 | സലീം ഹമീദ് റാവുത്തർ | 2500 |
| 3 | നീലിപിലാവ് അംഗൻവാടിക്കുള്ള സ്ഥലത്തിന് ചുറ്റുമതിൽ (233/18) | 100000 (റോഡിതര മെയിന്റനൻസ് ഫണ്ട്) | 99800 | 42/16-17 | 23/22.07.2017 | സി.എം മോനച്ചൻ, ചരുവിളയിൽ വീട്, ചിറ്റാർ | 3000 |
| | | ആകെ | | | | | 8500 |

സ്ഥാപിക്കാത്ത നെയിംബോർഡുകൾക്ക് തുക നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-14 വക്കീൽ ഫീസിനത്തിൽ അധിക തുക നൽകി

ഗ്രാമ പഞ്ചായത്ത് കക്ഷിയായി കേരള ഹൈക്കോടതിലുള്ള ചുവടെ കൊടുത്തിരിക്കുന്ന കേസുകളുടെ വക്കീൽ ഫീസിനത്തിൽ അഡ്വ.കെ.ഷാജി, അഡ്വ. സെർജി ജോസഫ് തോമസ്സ് എന്നിവർക്ക് 18000/- രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്.

| കേസിന്റെ വിവരങ്ങൾ | അഭിഭാഷകന്റെ പേര് | വൗച്ചർ നം., തീയതി | അനുവദിച്ച തുക |
|---|---|---|---|
| C.O.C. No.75/2016 | അഡ്വ.കെ.ഷാജി | 21700121/24.05.17 | 18000/- |
| WA No.220/2017 | അഡ്വ. സെർജി ജോസഫ് തോമസ്സ് | 21700122/24.05.17 | 18000/- |

18.02.16-ലെ സ.ഉ.(എം.എസ്) നം. 36/16/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക് കേസൊന്നിന് 15000 രൂപ വരെ വക്കീൽ ഫീസായി അനുവദിക്കാവുന്നതാണ്. 15000-ത്തിനു മുകളിൽ 50000 രൂപ വരെ ചെലവഴിക്കുന്നതിന് വകുപ്പദ്ധ്യക്ഷന്റെ അനുമതിയും 50000 രൂപയ്ക്ക് മുകളിൽ ചെലവഴിക്കുന്നതിന് സർക്കാർ അനുമതിയും ആവശ്യമാണ്. പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയില്ലാതെ വക്കീൽ ഫീസിനത്തിൽ 3000 രൂപ വീതം അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/01.02.2019), സ്റ്റേഷനറി ചാർജ്ജിനത്തിൽ വക്കീലന്മാർ ആവശ്യപ്പെട്ടതനുസരിച്ചാണ് തുക നൽകിയതെന്നും പഞ്ചായത്ത് ഡയറക്ടറിൽ നിന്നും സാധൂകരണം വാങ്ങി ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വക്കീൽ ഫീസിനത്തിൽ അധികമായി ചെലവഴിച്ച 6000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഡയറക്ടറിൽ നിന്നും സാധൂകരണം വാങ്ങി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-15 പത്രപ്പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ആവശ്യപ്പെട്ടില്ല

വിൻഡോ പരസ്യങ്ങളുടെ പ്രസിദ്ധീകരണ ചാർജ്ജിനത്തിൽ ദേശാഭിമാനി , കോട്ടയം അക്കൗണ്ട്സ് മാനേജർക്ക് 21700606/19.12.17-ാം നമ്പർ വൗച്ചർ പ്രകാരം 42336 രൂപയും കേരള കൗമുദിയ്ക്ക് 21701109/23.03.18-ാം നമ്പർ വൗച്ചർ പ്രകാരം 6004 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. മാധ്യമങ്ങളുടെ ലിസ്റ്റും പരസ്യ നിരക്കുകളും പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള 08.12.2015-ലെ G.O.(P)No.17/15/I&PRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ പ്രസിദ്ധീകരണത്തിന് നൽകുന്ന എല്ലാ പരസ്യങ്ങൾക്കും 15% ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അർഹമായ ഡിസ്ക്കൗണ്ട് ആവശ്യപ്പെടാതിരുന്നതു മൂലം 7251/- രൂപ പഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടി വന്നു. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/01.02.2019), ഡിസ്ക്കൗണ്ട് ആവശ്യപ്പെട്ട് പഞ്ചായത്ത് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 15% ഡിസ്ക്കൗണ്ട് ലഭിക്കുന്നുണ്ടെന്ന മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.പൊതുപണം ചെലവഴിക്കുമ്പോൾ കൂടുതൽ ജാഗ്രതയും കരുതലും പുലർത്തുന്നതിനും ഇത്തരം അപാകതകൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനും സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-16 മുൻകൂറായി 8.09 ലക്ഷം നൽകി-മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണോദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി (പ്രോജകട് നം. 31/18) മരുന്നുകൾ, രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ, എന്നിവ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 809658രൂപ കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ബിൽ നം/തീയതി | റിമാർക്ക്സ് |
|---|---|---|
| 209658 | 11/18തീ.14/2/18 | രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| 50988 | 12/18തീ.9/2/18 | പാലിയേറ്റീവ് കെയർ പ്രോജക്ടിനാവശ്യമായ മരുന്നുകൾക്കായി |
| 549012 | ചെക്ക് നം 0178197/22.3,18 | പാലിയേറ്റീവ് കെയർ പ്രോജക്ടിനാവശ്യമായ മരുന്നുകൾക്കായി |

കിടപ്പ് രോഗികൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും യഥാസമയം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-17 ഇ.എം.എസ് ഭവനപദ്ധതി - അക്കൗണ്ടിൽ 110114രൂപ അവശേഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതിക്കായുള്ള വയ്യാറ്റുപുഴ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം 2163) 110114രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | പേര്/അഡ്രസ് | പ്രൊജക്ട് നം | വാർഡ് നം | തുക വിതരണം ചെയ്യാതിരിക്കാനുള്ള കാരണം | വിതരണം ചെയ്യുവാനുള്ള തുക |
|---|---|---|---|---|---|
| 1 | തങ്കമ്മ, പഴമല, ചിറ്റാർ | 149/18 (ജനറൽ) | IV | മരിച്ചുപോയി | 5000 |
| 2 | ജാനകി,കളിപ്പാറ, നീലിപ്പിലാവ് | 149/18 (ജനറൽ) | IX | മരിച്ചുപോയി | 5000 |
| 3 | ഓമന.റ്റി.കെ, തോണിപ്പാറയത്ത്, നീലിപ്പിലാവ് | 152/18 (എ സ്സി) | X | പണി നടന്നു കൊണ്ടിരിക്കുന്നു | 25000 |
| 4 | റെജീന, തടത്തിൽ, കാരികയം | 149/18 (ജനറൽ) | XIII | വീട്ടുപണി പൂർത്തിയാക്കുവാൻ കഴിയില്ല | 15000 |
| 5 | ജമിനി, ജമിനി ഭവൻ, കാരികയം | 149/18 (ജനറൽ) | XII | തുക കുറവായതിനാൽ വേണ്ടെന്ന് വച്ചു | 35000 |
| 6 | പലിശ | | | | 10898 |
| 7 | അധിക തുക | | | | 14216 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 110114 |

റെജീന, തടത്തിൽ, കാരിക്കയം എന്ന ഗുണഭോക്താവ് വീട്ടുപണി പൂർത്തിയാക്കുവാൻ കഴിയില്ല എന്ന് വി.ഇ.ഒയെ അറിയിച്ചിട്ടുണ്ട്. ടിയാളിൽ നിന്നും, ഭവന നിർമ്മാണത്തിനായി നൽകിയ60000 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അധിക ഇനത്തിൽ കാണിച്ചിട്ടുള്ള തുകയായ14216 രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-18 വി ഇ ഒ യുടെ അക്കൗണ്ടിൽ 415726രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്തിലെ ടി എസ് സി കോ-ഓർഡിനേറ്ററായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ ചിറ്റാർ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം 11350100101647) 415726 രൂപ ഓഡിറ്റ് തീയതിയിൽ അവശേഷിക്കുന്നു. 2011 വർഷത്തിനു ശേഷം ഈ അക്കൗണ്ടിൽ ഇടപാടുകൾ നടന്നിട്ടില്ല. ശുചിത്വ പ്രൊജക്ടുകളുടെ നടത്തിപ്പിനായി ശുചിത്വമിഷനിൽനിന്നും ലഭിച്ച തുകയാണ് ഇപ്രകാരം അക്കൗണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നത്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ടോയ്‌ലറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതു കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും ടി തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-19 സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 150000 രൂപ വകയിരുത്തി മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ എന്ന പദ്ധതി (S00186/18) നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ സമർപ്പിച്ചതും സ്വീകരിക്കപ്പെട്ടതുമായ ഷിഫാ ഫാർമ ചങ്ങനാശ്ശേരി എന്ന മരുന്നുകമ്പനി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ വെറ്ററിനറി സർജന്റെ പേരിൽ 7500 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (ഡി ഡി നം 049702/ 02.11.2017) ഹാജരാക്കിയിരുന്നു. എന്നാൽ ടി തുക പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്കുവരുത്താതെ നാളിതുവരെ ഫയലിൽ സൂക്ഷിക്കുകയാണുണ്ടായത്. തുക യഥാസമയം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാതിരുന്നത് മൂലം നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട പലിശ നഷ്ടമായി. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ യഥാസമയം തന്നെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കിയ പദ്ധതി

നീലിപിലാവ് ശിശുമന്ദിരത്തിന് കഞ്ഞിപ്പുരയും ടോയ്‌ലെറ്റും റൂഫിംഗിനുമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന നിർവ്വഹണോദ്യോഗസ്ഥൻ. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 177/2018 |
| അടങ്കൽ | 927211-റോഡിതര മെയിന്റനൻസ് ഫണ്ട് |
| ചെലവ് | 668069 |
| ബിൽ നം/ തീയതി, എം ബുക്ക് നം | 31/28.09.2017, 4/17 |
| കരാറുകാരൻ | ടി കെ യോഹന്നാൻ, തൈപ്പറമ്പിൽ, കീക്കൊഴൂർ, റാന്നി |

പ്രസ്തുത പ്രവൃത്തിയിൽ ശിശുമന്ദിരത്തിന് റൂഫിംഗ് ചെയ്യുകയും ടോയ്‌ലെറ്റ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കഞ്ഞിപ്പുര പണിയുന്നതിന് പകരം ഒരു മുറി നിർമ്മിക്കുകയാണുണ്ടായത്. കാലപ്പഴക്കത്താലും സൗകര്യങ്ങളുടെ അഭാവത്തിലും ഉപയോഗയോഗ്യമല്ലാത്ത മുറിയാണ് നിലവിലും കഞ്ഞിപ്പുരയായി ഉപയോഗിച്ച് വരുന്നത്. പഴയ കഞ്ഞിപ്പുര ശരിയായ രീതിയിൽ നിർമ്മിക്കാത്തതിനാൽ പാചക വേളയിൽ പുക നിറയുന്നതും ഗ്യാസ് കണക്ഷൻ ഉപയോഗിക്കാൻ സൗകര്യമില്ലാത്തതുമാണ്.

പുതുതായി പണിഞ്ഞിട്ടുള്ള മുറി അടുക്കളയ്ക്കായി ഉപയോഗിക്കാവുന്ന രീതിയിൽ വാട്ടർ കണക്ഷനോ അട്ടപ്പുകൾക്കായുള്ള സ്ലാബുകളോ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളോ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുമില്ല. നേരിട്ടുള്ള

അന്വേഷണത്തിൽ ടി മുറി മീറ്റിംഗുകൾക്കായി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നു. എന്നാൽ ശിശുമന്ദിരത്തിന് റൂഫിംഗ് ചെയ്തതിനാൽ ടെറസ്സിൽ ആവശ്യമായ സ്ഥലം മീറ്റിംഗ് നടത്തുന്നതിലേക്ക് ലഭ്യമായിരുന്നപ്പോഴാണ് മീറ്റിംഗിനായി വീണ്ടും മുറി നിർമ്മിച്ചതെന്നത് ശ്രദ്ധേയമാണ്.

എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി ചെയ്തത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയത് പൊതുപണത്തിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം നൽകേണ്ടതാണ്.

ശിശുമന്ദിരത്തിന് കഞ്ഞിപ്പുര അനിവാര്യമായിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി നടപ്പാക്കാതെ പകരം മീറ്റിംഗ് നടത്തുന്നതിന് മുറി നിർമ്മിച്ച് നൽകിയത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ അനിവാര്യമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു മുൻതൂക്കം നൽകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-21 മൺപിലാവ് എൽ പി എസ്സ് മെയിന്റനൻസ്- മേൽക്കൂരയുടെ പഴയ ഓടും തടി ഉരുപ്പടികളും ലേലം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്സ് 192/2018 |
| അടങ്കൽ | 575893-റോഡിതര മെയിന്റനൻസ് ഫണ്ട് |
| ചെലവ് | 554813 |
| ബിൽ നം/ തീയതി, എം ബുക്ക് നം | 66/08.12.2017, 10/17-18 |
| കരാറുകാരൻ | സലിം ഹമീദ് റാവുത്തർ |

മൺപിലാവ് എൽ.പി.എസ്സിന്റെ മെയിന്റനൻസിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭൗതിക പരിശോധനാവേളയിൽ പഴയ മേൽക്കൂര പൊളിച്ചപ്പോൾ ലഭ്യമായ ഓട്, തടി ഉരുപ്പടികൾ എന്നിവ നാളിതുവരെ ലേലം ചെയ്തിട്ടില്ല. ടി ഉരുപ്പടികൾ ശരിയായ രീതിയിൽ സൂക്ഷിക്കാതെ അലക്ഷ്യമായി സ്കൂൾ കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്നു. ആയത് താമസം വിനാ ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-22 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം

തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ആശാവഹമല്ല. നികുതി/നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. തൻവർഷത്തെ നികുതി/നികുതിയേതര വരവ് 58.63 ലക്ഷം രൂപയും എസ്റ്റാബ്ലിഷ് മെന്റ്/അഡ്മിനിസ്ട്രേറ്റീവ്/ഓപ്പറേഷൻസ് & മെയിന്റനൻസ് ഇനങ്ങളിലുള്ള ചെലവ് 1.20 കോടി രൂപയുമാണ്.

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 6305000 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി (-)62.22ലക്ഷം രൂപയാണ്.

| വരവ് | രൂ. | ചെലവ് | രൂ. |
|---|---|---|---|
| നികുതി വരുമാനം | 3554239 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 9137712 |
| നികുതിയേതരം | 2309395 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 807279 |
| | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2138914 |
| | | ബാങ്ക് ചാർജ്ജസ് | 1766 |

| | | | |
|---|---|---|---|
| ആകെ | 5863634 | ആകെ | 12085671 |
| | | കമ്മി | (-)6222037 |

തനത് ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 3213454 രൂപ മാത്രമാണ്. ശബരിമല സ്പെഷ്യൽ ഫണ്ടിനത്തിൽ ലഭിച്ച 10 ലക്ഷം രൂപ, കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച 489256 രൂപ, ഒ.ഡി.എഫ് റീഫണ്ടിനത്തിൽ ഒന്നും രണ്ടും ഗഡുക്കളായി ലഭിച്ച 2267517രൂപ എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വകമാറ്റി ചെലവഴിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ പരിതാപകരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നികുതി നികുതിയേതര വരുമാനം പരമാവധി പിരിച്ചെടുക്കുന്നതിനും അവധാനതയോടെ ചെലവുകൾ ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-23 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി താഴെപ്പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം | അടങ്കൽ | ചെലവ് | മാനസിക വെല്ലുവിളി നേരിടുന്നവർ | ശാരീരിക വെല്ലുവിളി നേരിടുന്നവർ | ആകെ |
|---|---|---|---|---|---|
| S007/18 (ജനറൽ) | 600000 | 352600 | 14 | 5 | 19 |
| S008/18 (SCP) | 200000 | 89900 | 3 | 1 | 4 |
| S009/18 (TSP) | 121700 | 8000 | 0 | 1 | 1 |
| ആകെ | 921700 | 450500 | 17 | 7 | 24 |

ശാരീരിക വെല്ലുവിളി നേരിടുന്ന 17വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 7വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 26500 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 10400 രൂപയുമാണ് (വ്യത്യസ്ത ക്ലാസുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) പരമാവധി നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-24 പോഷകാഹാര പദ്ധതി-കേന്ദ്ര വിഹിത ചെലവ് പൂർണ്ണമല്ല

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2016-17വർഷം 557481 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2017-18വർഷം മേൽ പദ്ധതിക്കായി കേന്ദ്ര വിഹിതം, ബ്ലോക്കു വിഹിതം എന്നിവ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ലഭിച്ചത് | ബ്ലോക്കു വിഹിതം ചെലവഴിച്ചത് |
|---|---|---|---|---|
| 2017-18 | 545895 | 425000 | 100000 | 99783 |
| ആകെ | 545895 | 425000 | 100000 | 99783 |

31.3.18 വരെ പ്രസ്തുത ഇനത്തിൽ ആകെ 678376 രൂപ അവശേഷിക്കുന്നുണ്ട്. ടി തുകയുടെ പലിശ പഞ്ചായത്ത്

ഫണ്ടിലേക്കാണ് പോകുന്നത്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണെന്ന മുൻ ഓഡിറ്റ് നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. ടി തുക ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നം 39033/ ഡി സി 2/2010ത സ്വ ഭ വ 03-09-2010പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, കുടിവെള്ളം, വൈദ്യുതി, അറ്റകുറ്റപ്പണി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുമുള്ള പാത്രങ്ങൾ/സംഭരണികൾ എന്നിവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-25 അങ്കണവാടിക്ക് അനുയോജ്യമല്ലാത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം

നീലിപിലാവ് അങ്കണവാടിക്ക് റോഡിനോട് ചേർന്ന് സ്ഥലം വാങ്ങുകയും ആയതിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്സ് 233/2018 |
| അടങ്കൽ | 100000-റോഡിതര മെയിന്റനൻസ് ഫണ്ട് |
| ചെലവ് | 99800 |
| ബിൽ നം/ തീയതി, എം ബുക്ക് നം | 23/22.07.2017, 42/17 |
| കരാറുകാരൻ | സി.എം.മോനച്ചൻ, ചരുവിളയിൽ വീട്, ചിറ്റാർ |

ഭൗതിക പരിശോധനാവേളയിൽ അങ്കണവാടിക്ക് അനുയോജ്യമായ സ്ഥലമല്ല വാങ്ങിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ റോഡ് നിരപ്പിൽ നിന്നും 6 മീറ്റർ താഴ്ചയുള്ള സ്ഥലമാണ് നിർദ്ദിഷ്ട അങ്കണവാടിക്ക് വേണ്ടി വാങ്ങിയിട്ടുള്ളത്. ടി സ്ഥലത്തിന്റെ ഇടത് വശത്ത് കൂടിയുള്ള തോട് മഴക്കാലത്ത് കര കവിയുന്നതും കുത്തനെയുള്ള പ്രദേശത്ത് കൂടി ഒഴുകുന്നതിനാൽ വെള്ളപ്പാച്ചിലിൽ സമീപ പ്രദേശത്ത് മണ്ണിടിച്ചിലിന് സാധ്യത ഏറെയുള്ളതുമാണ്. തോടിനോട് ചേർന്ന് തന്നെയാണ് അംഗൻവാടിക്ക് പണിഞ്ഞിട്ടുള്ള ചുറ്റുമതിലിന്റെ ഒരു വശം നിർമ്മിച്ചിട്ടുള്ളത്. നേരിട്ടുള്ള അന്വേഷണത്തിൽ ടി പ്രവ്യത്തിക്കായി അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാലാണ് മേൽ പ്രകാരമുള്ള സ്ഥലം വങ്ങിയതെന്ന് അറിയാൻ കഴിഞ്ഞു. സ്ഥലത്തിന്റെ അതിര് വേർതിരിക്കുന്നതിനും സംരക്ഷണത്തിനുമായി കരിങ്കൽകെട്ട് നിർമ്മിക്കുന്ന പ്രവൃത്തിയിൽ 28.5 മീറ്റർ നീളത്തിലും തറനിരപ്പിൽ നിന്നും 0.725 മീറ്റർ ഉയരത്തിലും ഡിആർ(3 വശങ്ങൾ) കെട്ടുകയാണുണ്ടായത്.

റോഡ്, തോട് എന്നിവയിൽ നിന്നുണ്ടാകാവുന്ന അപകടങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം ലഭിക്കത്തക്ക രീതിയിലും തോടിൽ നിന്നുള്ള വെള്ളപ്പാച്ചിൽ അതിജീവിക്കത്തക്ക രീതിയിലും മണ്ണിടിച്ചിൽ ഉണ്ടാകാത്ത രീതിയിലും നിർമ്മാണ പ്രവ്യത്തികൾ ചെയ്യേണ്ടതും വരും വർഷങ്ങളിൽ അങ്കണവാടി കെട്ടിടം ചുറ്റുമതിലുൾപ്പെടെ അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളോട് കൂടി പൂർത്തിയാക്കേണ്ടതുമാണ്.

## 3-26 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങളുടെഅപര്യാപ്തത കാരണം ബുദ്ധിമുട്ടുകയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 23 |
| സ്വന്തമായി | 11 |

| | |
|---|---|
| കെട്ടിടം ഉള്ളവ | |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 12 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 23 |
| ബേബി ഫ്രണ്ട്ലി ടോയിലറ്റ് സൗകര്യം ഉള്ളവ | ഇല്ല |
| ചുറ്റുമതിൽ ഉള്ളവ | 8 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 22 |
| സ്വന്തമായി പൈപ്പ് കണക്ഷൻ | 4 |
| പൊതു ടാപ്പ് | 2 |
| കിണർ | 6 |
| സമീപത്തുള്ള വീടുകളിൽ നിന്ന് | 11 |
| പാചക പാത്രങ്ങൾ | ഭാഗീകം |
| കണ്ടയിനർ | കണ്ടയിനർ എല്ലാ അങ്കണവാടികൾക്കും ഉണ്ടെങ്കിലും വളരെ പഴക്കം ചെന്നതും തുരുമ്പിച്ചതും ആണ്. |

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല.

പഞ്ചായത്തിലെ 10-ാം വാർഡിൽ , നീലിപിലാവ് 74-ാം നം അങ്കണവാടിക്കുള്ള സ്ഥലത്തിന് ചുറ്റുമതിൽ എന്ന പ്രോജക്റ്റിന്റെ

ഭൗതിക പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു. നിലവിലുള്ള അങ്കണവാടി കെട്ടിടം കടമുറി വാടകയ്ക്കെടുത്താണ് പ്രവർത്തിച്ച് വരുന്നത്. ക്ലാസ്സ് റൂമും അടുക്കളയും ഇടുങ്ങിയ മുറികളിലാണ് പ്രവർത്തിക്കുന്നത്. ക്ലാസ്സ് റൂമിൽ ആവശ്യമായ ഫർണ്ണിച്ചറുകൾ സ്ഥാപിക്കുവാനുള്ള സ്ഥല സൗകര്യമില്ല. ക്ലാസ്സ് മുറിയിലേക്ക് തുറക്കുന്ന അടുക്കളയിൽ ഗ്യാസ് അടുപ്പും വിറകടുപ്പും വളരെ അടുത്തായാണ് സ്ഥാപിച്ചിട്ടുള്ളത്. യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലാത്തതും ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തിയിട്ടില്ലാത്തതും റോഡിലേക്ക് തുറക്കുന്നതുമായ കെട്ടിടത്തിലാണ് നിലവിൽ അംഗൻവാടി പ്രവർത്തിക്കുന്നത്.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. രണ്ട് അങ്കണവാടികൾക്ക് സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-27 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും ഓരോ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## 3-28 അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011- തീയതിയിലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 23 അങ്കണവാടികളും ഫിറ്റ്നെസ്സ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ യാതൊരു കാരണവശാലും അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നിരിക്കെ ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-29 പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തുക പാഴാകുന്നു

ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരമിനത്തിൽ പ്രതിമാസം ഒടുക്കുന്നത് 89688/- രൂപയാണ്. 2017-18 വർഷം 205 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പ് ഒന്നിന് 5250/- രൂപ നിരക്കിൽ 1076256 രൂപ ഗ്രാമപ്പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിൽ നല്ലൊരു ശതമാനം എണ്ണം നശിച്ചു പോയതും ഉയർന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പലതിലും ജലം എത്താത്തതുമാണ്. അത്തരം ടാപ്പുകൾ കണ്ടെത്തി ഒഴിവാക്കുന്നതിന് സംയുക്ത പരിശോധന നടത്താത്തതു കാരണം പഞ്ചായത്തിന് വൻ തുക പാഴ്ചെലവുണ്ടാകുന്നുണ്ട്. അവസാനമായി സംയുക്ത പരിശോധന നടത്തിയത് 18.10.2011 ൽ ആണ്. 193 വാട്ടർ ടാപ്പുകളായിരുന്നു സംയുക്ത പരിശോധന പ്രകാരം നിജപ്പെടുത്തിയത്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള 01.04.2014 ലെ AB5-845/LSGD/ Vol-II കത്ത് പ്രകാരം 12 ടാപ്പുകൾ

കൂടി പിന്നീട് ചേർക്കുകയുണ്ടായി.

വാട്ടർ അതോറിറ്റിയുമായി നിരന്തരം ബന്ധപ്പെട്ട് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അടിയന്തിരമായി നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള ടാപ്പുകളിൽ പ്രവർത്തനക്ഷമമായതു മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി, കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 800000 | ഏയ്റോബിക്ക് വേസ്റ്റ് ഡിസ്പോസൽ | 0 | 800000 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | വനിതകൾക്ക് ശൗചാലയം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 4042000 | പൊതു ശ്മശാനം | 0 | 4042000 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | ക്ഷീരകകർഷകർക്ക് ഇൻസന്റീവ് | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 1000000 | പാലിയേറ്റീവ് പരിചരണം | 588662 | 411338 |
| ജില്ലാ പഞ്ചായത്ത് | 100000 | അങ്കണവാടി പോഷകാഹാരം | 99783 | 217 |

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭിച്ച 53.42 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 411555 രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നു. ആയത് വരും വർഷങ്ങളിൽ പദ്ധതികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി 2017-18 വർഷം കെ.എസ്.ഇ.ബി ക്കും പി.ഡബ്ല്യൂ.ഡിക്കും തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നം. | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തീയതി | നല്കിയ തുക |
|---|---|---|---|---|
| 1 | കോടാലിമുക്ക് സൊസൈറ്റിപടി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(83/2018) | കെ.എസ്.ഇ.ബി | 281/26.02.2018<br>283/26.02.2018 | 77045 |
| 2 | പഞ്ചായത്ത് മണക്കയം റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(85/2018) | കെ.എസ്.ഇ.ബി | 282/26.02.2018 | 90744 |
| 3 | നീലിപിലാവ് അങ്കണവാടി കെട്ടിടത്തിന് തുക നൽകൽ(162/2018) | പി ഡബ്ല്യൂ ഡി | 91/28.10. | 580000 |
| 4 | കട്ടച്ചിറ 76-ാം നമ്പർ അങ്കണവാടി നിർമ്മാണം(277/2018) | പി ഡബ്ല്യൂ ഡി | 252/20.02.2018<br>253/20.02.2018 | 580000 |
| | ആകെ | | | 1327789 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 96896രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2013-14 to 2015-16 | 2-2(ബി) | 96896 | മാനേജർ , EDCL, ചിറ്റാർ | 117050500057 / 22.12.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.1.14 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം മാലിന്യങ്ങൾ കുമിഞ്ഞ് കൂടുന്നു. - | ചിറ്റാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള യൂണിറ്റ് 2008ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്കരയണത്തിനായി കുഴിയെടുത്ത് വശങ്ങൾ കെട്ടി മുകളിൽ ഇരുമ്പ് വല സ്ഥാപിച്ചാണ് ടി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നത്. മാലിന്യം അധികരിച്ചതിനാൽ കാലക്രമേണ ടി യൂണിറ്റിന്റെ ടാങ്ക് നിറയുകയും മാലിന്യ സംസ്കരണത്തിന് ശേഷമുള്ള അവശിഷ്ടങ്ങൾ വെളിയിലേക്ക് വ്യാപിക്കുകയും ഉണ്ടായി. ആയത് വൃത്തിയാക്കുന്നതിനും അറ്റകുറ്റപ്പണിക്കുമാണ് തുടർ വർഷങ്ങളിൽ തുക വകയിരുത്തി |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രോജക്റ്റ് ഏറ്റെടുത്തിട്ടുള്ളത്. 5 വർഷക്കാലം മാലിന്യം തൃപ്തികരമായ രീതിയിൽ സംസ്കരണം നടത്തിയിരുന്നു. എന്നാൽ വർദ്ധിച്ച തോതിലുള്ള മാലിന്യം യൂണിറ്റിലേക്ക് എത്തിച്ച് സംസ്കരണം നടത്തിയതിനാൽ ടി യൂണിറ്റ് കാലക്രമേണ തകരാറിലായി നശിക്കുകയാണുണ്ടായത്. ആയതിന് ശേഷം കരാർ അടിസ്ഥാനത്തിൽ മാലിന്യം ശേഖരിച്ച് സംസ്കരിച്ച് വരുന്നു. 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുമ്പൂർമുഴി മോഡൽ പ്ലാന്റ് നിലവിൽ സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കുകയുംഐ ആർ ടി സി മുണ്ടൂർ പാലക്കാട് എന്ന സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുമുണ്ട്. ഹരിത കർമ്മ സേന രൂപീകരിച്ച് വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നു.മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുമുള്ളതാണ്.ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു. | 2007-08 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്കായി 47400 രൂപ മുടക്കി 10 തയ്യൽ മെഷീനുകൾ വാങ്ങി 11 വനിതകളുള്ള ഒരു പട്ടിക ജാതി ഗ്രൂപ്പിന് 08.08.2008 ൽ കൈമാറിയിരുന്നു. ടി. യൂണിറ്റ് 2010 വരെ പ്രവർത്തിച്ചിരുന്നു. എന്നാൽ 2010 ൽ പ്രവർത്തനം അവസാനിപ്പിക്കുകയും എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പ്രവർത്തനം |

| | | | | | |
|---|---|---|---|---|---|
| | | | | | അവസാനിപ്പിച്ചപ്പോൾ ടി യൂണിറ്റുകൾ പഞ്ചായത്തിനെ തിരികെ ഏൽപിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മറ്റൊരു ഗ്രൂപ്പിനെ കണ്ടെത്തി യൂണിറ്റിനെ ഏൽപിക്കാൻ ശ്രമിച്ചെങ്കിലും പ്രവർത്തനം ലാഭകരമല്ല എന്ന കാരണത്താൽ ആരും മുന്നോട്ട് വന്നില്ല. ആയതിനാൽ ടി മെഷീനുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെ സൂക്ഷിക്കുകയാണുണ്ടായത്. വളരെക്കാലം ഉപയോഗിക്കാതിരുന്നതിനാൽ ടി മെഷീനുകൾ തുരുമ്പെടുത്ത് പ്രവർത്തനരഹിതമായ അവസ്ഥയിലാണ് നിലവിൽ ഉള്ളത്. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.1.6 | അടഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ ശബരിമല തീർത്ഥാടകർക്ക് വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള ഇടത്താവളം പുനരുദ്ധാരണം നടത്തുകയും ശബരിമല തീർത്ഥാടന സമയത്ത് എത്തുന്ന അയ്യപ്പ ഭക്തർക്ക് വേണ്ടി സജ്ജമാക്കുകയും കുടിവെള്ളം, വെളിച്ചം, ടോയ്‌ലറ്റ്, വിരി മുതലായവ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ തീർത്ഥാടന കാലം കഴിയുമ്പോൾ ടി കെട്ടിടം പഞ്ചായത്തിന്റെ വിവിധ മീറ്റിംഗുകൾക്ക് ഉപയോഗിച്ച് വരുന്നു. പരിസരത്തെ കാടുകൾ വെട്ടിത്തെളിച്ചും വൃത്തിയായും സൂക്ഷിച്ച് വരുന്നു. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.1.15 | ചിറ്റാർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കുടുംബത്തിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 2004-05ൽ 8 | ചിറ്റാർ ഗ്രാമപഞ്ചായത്തിൽ 2004-05 വർഷത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതും അഴിമതി ആരോപണങ്ങളുമായും ബന്ധപ്പെട്ട് 2005ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി. 399920രൂപയാണ് ഇതിനായി ചെലവഴിച്ചത്. എന്നാൽ പദ്ധതി നിർവ്വഹണത്തിലെ വീഴ്ച മൂലം 10 വർഷത്തോളമായി ഉപയോഗിക്കാതെ കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നു. | ആയതിന്റെ ഭാഗമായി 2005ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വൗച്ചറുകൾ, കമ്മിറ്റി മിനിട്ട്സ് എന്നിവ പരിശോധനയ്ക്കായി കൈപ്പറ്റുകയുണ്ടായി. വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ കമ്പ്യൂട്ടറുകൾ ഉപയോഗത്തിന് നൽകാതെ സുരക്ഷിതമായി സൂക്ഷിക്കുകയാണുണ്ടായത്യ കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിന് വിജിലൻസിന്റെ അനുമതിക്കായി വിജിലൻസ് പോലീസ് ഇൻസ്പെക്ടർക്ക് 18.05.2016ൽ കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിക്കാത്തതിനാൽ 18.06.2018ൽ ഒരു കത്ത് കൂടി നൽകിയിട്ടുണ്ട്. നിലവിൽ ടി കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഉള്ളത്. ഈ വിഷയം ഇപ്പോൾ നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ വ്യക്തികളുടെ പേര്/ ഉദ്യോഗപ്പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് നം/തീയതി) | ആർ.ആർ നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം | 71620776 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62549880 |
| വരവിനങ്ങളിലുള്ള നഷ്ടം | 23527 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5682091 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നം.* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ്ജ്* | *സർചാർജ്ജ്* | |
| 2-7 | 3527 | | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 2-8 | 11250 | | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 2-9 | 8750 | | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 3-6(എ) | | 15000 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(എ) | | 7500 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | | 8500 | രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 23527 | 31000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-1 | 283500 | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| | 126000 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 1150301 | രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 1381853 | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 3-4 | 890267 | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| | 1434160 | സി.കെ ചന്ദ്രൻ, ഹെഡ്മാസ്റ്റർ |
| | 140450 | വിജയകുമാരി എസ്സ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 | 31500 | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| 3-6(ബി) | 30000 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(ബി) | 7500 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 50000 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 120000 | ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 21060 | നസീറാ ബീഗം, കൃഷി ഓഫീസർ |
| 3-12 | 9500 | നസീറാ ബീഗം, കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-14 | 6000 | ഡി. ബാലചന്ദ്രൻ, സെക്രട്ടറി |
| ആകെ | 5682091 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-5, 2-6, 3-2, 3-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡി. ബാലചന്ദ്രൻ, സെക്രട്ടറി | ചിറ്റാർ ഗ്രാമപഞ്ചായത്ത് | ആനന്ദ വിലാസം, ഐരക്കുഴി പി ഒ, ചിതറ |
| ദീപേഷ് പി.റ്റി, അസിസ്റ്റന്റ് സെക്രട്ടറി | ചിറ്റാർ ഗ്രാമപഞ്ചായത്ത് | പുത്തൻ വീട്ടിൽ, സീതത്തോട് പി ഒ |
| നസീറാ ബീഗം, കൃഷി ഓഫീസർ | കൃഷി ഓഫീസ്, കുളനട | സിൽസിലാ ഹൗസ്, കോന്നി പി ഒ-689691 |
| രാഘവൻ, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ എസ് ജി ഡി, സീതത്തോട് ഗ്രാമപഞ്ചായത്ത് | വൈകുണ്ഠം, |
| സി കെ ചന്ദ്രൻ, ഹെഡ്മാസ്റ്റർ | ജി എൽ പി ജി എസ്സ്, പ്രക്കാനം | ചന്ദ്രവിലാസം, എഴുമറ്റൂർ പിഒ |
| വിജയകുമാരി എസ്സ്, ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ചിറ്റാർ ഗ്രാമപഞ്ചായത്ത് | ദേവി മംഗലം, എസ് എൻ പുരം, പനവൂർ പി ഒ, നെടുമങ്ങാട്, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി.റ്റി.എ.പി.3/8/2000, തീ. 06.07.2000 | 3 |
| 1997-98 | നം.എൽ.എഫ്.പി.റ്റി.എ.പി.4/974 /04/07, തീ. 13.06.08 | 2 |
| 1998-99 | നം.എൽ.എഫ്.പി.റ്റി.എ.പി.3/975/07, തീ.13.06.08 | 2 |
| 1999-00 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/976/07, തീ.10.07.08 | 1 |
| 1999-00 | നം.എൽ.എഫ്.പി.റ്റി.എ.പി.3/37/02, | 16 |

| | | |
|---|---|---|
| (ചെലവ്) | തീ.31.05.02 | |
| 2000-01 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/977/07, തീ.10.07.08 | 1 |
| 2000-01 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/384/03, തീ.16.12.03 | 7 |
| 2001-02 (ഡി.സി.ബി.) | നംഎൽ.എഫ്.പി.റ്റി.എ.പി.4/978/07, തീ.10.07.08 | 5 |
| 2001-02 (ജ.ആ.) | നംഎൽ.എഫ്.പി.റ്റി.എ.പി.4/523/04, തീ.06.01.05 | 8 |
| 2001-02 (ചെലവ്) | നംഎൽ.എഫ്.പി.റ്റി.എ.പി.4/576/06, തീ.15.10.06 | 5 |
| 2002-03 | നം.എൽ.എഫ്.പി.റ്റി.എ.പി.4/113/08, തീ.4.11.08 | 13 |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/705/08, തീ.12.05.09 | 26 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/744/08, തീ.31.07.09 | 31 |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/840/11, തീ.7.12.11 | 12 |
| 2006-07 | നം.എൽ.എഫ്.പി.റ്റി.എ.പി.8/841/11, തീ. 7.12.11 | 7 |
| 2007-08 മുതൽ 2010-11 വരെ | നം.എൽ.എഫ്.പി.റ്റി.എ.പി.6/420/11, തീ.12.03.13 | 19 |
| 2011-12 മുതൽ 2012-13 വരെ | നം.എൽ.എഫ്.പി.റ്റി.എ. പി.6/779/14, തീ.20.11.14 | 13 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ.പി.റ്റി.എ.പി12/183 /2016, തീ. 23-03-2016 | 10 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി12/1284A /2016, തീ. 03.12.2016 | 25 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി3/1094/2017, തീ. 10.10.2017 | 40 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി13/133/2019 തീയതി
06.03.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

AUDIT CERTIFICATE

No.KSAPTA.P 13/133/2019 Dtd
06.03.2019

Certified that I have Audited the Annual Financial Statement of Chittar Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chittar Grama Panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G.)

Kerala State Audit Department

Pathanamthitta